**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

മി. സ്പീക്കർ: ഇന്നത്തെ റൂൾ 50 ഈ ഫ്ലോറിൽ നിരവധി തവണ ചർച്ച ചെയ്ത വിഷയമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും ഉൾപ്പെടെയുള്ളവർ നടത്തിയ പ്രസംഗങ്ങൾ ഇപ്പോഴും നമ്മുടെ മനസിലുണ്ട്. അതുകൊണ്ട് അടിയന്തരപ്രാധാന്യമുള്ള വിഷയമായി തോന്നുന്നില്ലെങ്കിൽപോലും സഭ മുമ്പാകെ വന്നൊരു വിഷയമെന്ന നിലയിൽ ഇത് അവതരിപ്പിക്കാൻ ചെയർ അനുവദിക്കുകയാണ്. ചട്ടം 50 അനുസരിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് ലഭിച്ച നോട്ടീസിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അനുവദിക്കുമ്പോൾ പാലിക്കേണ്ട ചില മര്യാദ വിഷയാവതാരകനും ബഹുമാനപ്പെട്ട മന്ത്രിയുമുൾപ്പെടെ അഞ്ച് മിനിറ്റ് സമയം വീതമെടുത്ത് സമയ ക്ലിപ്തത പാലിക്കാൻ തയ്യാറാകണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

വിദ്യാർഥി കുടിയേറ്റം

മി. സ്പീക്കർ: മികച്ച വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും തേടി കേരളത്തിൽനിന്ന് വിദേശത്തേയ്ക്ക് പോകുന്ന വിദ്യാർഥികളുടെ എണ്ണം

വർധിക്കുന്നതായി നോർക്ക റൂട്ട്സ് നടത്തിയ കേരള മൈഗ്രേഷൻ സർവ്വേയിലെ കണ്ടെത്തൽ ചർച്ച ചെയ്യുന്നതിന് സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഇന്നത്തെ പ്രമേയാവതരാകൻ ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾ ലോക കേരള സഭയിൽ പങ്കെടുക്കാതെ ബഹിഷ്കരിച്ചെങ്കിലും അതിൽ അവതരിപ്പിച്ച കേരള മൈഗ്രേഷൻ സർവ്വേ റിപ്പോർട്ട് അവർ തുറന്ന് നോക്കിയതിലുള്ള സന്തോഷം ഞാൻ ആദ്യമായി രേഖപ്പെടുത്തുകയാണ്. ആ സർവ്വേ റിപ്പോർട്ടുമായി ബന്ധപ്പെട്ട്, പ്രമേയാവതാരകൻ വസ്തുതാപരമായിട്ടുള്ള ചില തെറ്റിധാരണകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ഞാൻ വഴിയേ വിശദീകരിക്കാം. സ്റ്റുഡന്റ് മൈഗ്രേഷൻ എന്നത് വർഷങ്ങളായുള്ള ആഗോള പ്രതിഭാസമാണ്. ആഗോളവൽക്കരണ കാലത്ത് രാജ്യത്തിന്റെ

അതിർത്തിരേഖകൾ അപ്രസക്തമാകുകയാണെന്നത് ഏവർക്കും അറിയാവുന്ന കാര്യമാണ്. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായുള്ള യാത്രാസൗകര്യങ്ങളുടെ വർധന, എയർലൈൻസുകളുടെ എണ്ണക്കൂടുതൽ, വിവരസാങ്കേതിക വിപ്ലവം കമ്മ്യൂണിക്കേഷൻ രംഗത്തുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ, വിദ്യാഭ്യാസ വായ്പകളുടെ വർധിച്ച ലഭ്യത എന്നിവ വിദ്യാർഥികളുടെ കുടിയേറ്റത്തിന് ആക്കം വർധിപ്പിച്ചിട്ടുണ്ട്. ആഭ്യന്തര സാമ്പത്തിക പ്രതിസന്ധിമൂലം പ്രയാസപ്പെടുകയും തൊഴിലെടുക്കുന്നവരുടെ എണ്ണം ആവശ്യത്തിന് ലഭ്യമാകാതെവരികയും ചെയ്യുന്ന വികസിത രാജ്യങ്ങൾ അവരുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വികസ്വര രാജ്യങ്ങളിൽനിന്ന് വിദ്യാർഥികളെ ആകർഷിക്കുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് സ്റ്റുഡന്റ് മൈഗ്രേഷനെ കാണേണ്ടത്. വിദ്യാർഥികളുടെ കുടിയേറ്റമെന്നത് കേരളത്തെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രായേണ കുടിയേറ്റം കുറഞ്ഞ സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണ് കേരളമുൾപ്പെടുന്നത്. 2023-ൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച കണക്കുപ്രകാരം,

കേരളത്തിൽനിന്നുള്ള വിദ്യാർഥി കുടയേറ്റം ഇന്ത്യയിലെ ആകെ കുടിയേറ്റത്തിന്റെ നാല് ശതമാനം മാത്രമാണ്. 26-07-2023-ൽ കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി രാജ്യസഭയിൽ നൽകിയ മറുപടിപ്രകാരം, 2018 മുതൽ 2022 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിനായി പുറത്തുപോകുന്നവെന്ന് യാത്രാരേഖകളിൽ സൂചിപ്പിച്ചവരുടെ കണക്ക് 2018-ൽ 518015-ഉം 2019-ൽ 586337-ഉം 2020-ൽ 259655-ഉം 2021-ൽ 445553-ഉം 2022-ൽ 750365-ഉം വിദ്യാർഥികളാണ് ഇന്ത്യയിൽനിന്ന് കുടിയേറിയിട്ടുള്ളത്. 2018-നുശേഷം ദേശീയതലത്തിൽത്തന്നെ കുടിയേറ്റത്തിൽ മുപ്പത്തിയൊന്ന് ശതമാനത്തിന്റെ വർധനവാണുണ്ടായിട്ടുള്ളത്. RedSeer-ന്റെ സർവ്വേ റിപ്പോർട്ടുപ്രകാരം, 2023-ൽ ഇന്ത്യയിൽനിന്ന് ഇരുപത് ലക്ഷം വിദ്യാർഥികളാണ് കുടിയേറിയത്. ആന്ധ്രാപ്രദേശ് 12.5%, പഞ്ചാബ് 12.5%, മഹാരാഷ്ട്ര 12.5%, ഗുജറാത്ത് 8%, തമിഴ്നാട് 8%, ന്യൂഡൽഹി 8%, കർണ്ണാടക 6% എന്നിങ്ങനെയാണ് വിദ്യാർഥി കുടിയേറ്റം കണക്കാക്കിയിരിക്കുന്നത്. എന്നാൽ, കേരളത്തിൽ ഇത് വെറും നാല് ശതമാനം മാത്രമാണ്. സംസ്ഥാനത്തിന് പുറത്തുപോകുന്ന വിദ്യാർഥികളുടെ ഏകദേശ കണക്ക്

35000-40000-നമിടയിലാണ്. പ്രമേയാവതാരകൻ ചൂണ്ടിക്കാണിച്ചതുപോലെ, സർവ്വേ റിപ്പോർട്ടിൽ രണ്ട് ലക്ഷം വിദ്യാർഥികൾ മൈഗ്രേറ്റ് ചെയ്തിരിക്കുവെന്ന് പറയുന്നത് ഒരു വർഷത്തെ കണക്കല്ല. നിലവിൽ പല വർഷങ്ങളിലായി വിദേശത്തേയ്ക്ക് കുടിയേറി വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിൽ തുടരുന്നവരുടെ കണക്കാണിത്. വിദ്യാഭ്യാസത്തിനായി സമീപവർഷങ്ങളിൽ രണ്ട് ലക്ഷം വിദ്യാർത്ഥികൾ വിദേശത്തേയ്ക്ക് കുടിയേറിയെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് 2023-ലെ മാത്രം കണക്കല്ലെന്ന് ബഹുമാനപ്പെട്ട പ്രമേയാവതാരകനെ അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. 2023-ൽ വിദേശത്തുള്ള ആകെ മലയാളി വിദ്യാർഥികളുടെ കണക്കാണിത്. കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച കണക്കുപ്രകാരം 2016 മുതൽ കേരളത്തിൽനിന്നുള്ള കുടിയേറ്റത്തിന്റെ വിവരം ഇപ്രകാരമാണ്. 2016-ൽ 18428, 2017-ൽ 22093, 2018-ൽ ........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, സമയക്രമം പാലിക്കാൻ ശ്രദ്ധിക്കു.....

ഡോ. ആർ ബിന്ദു: സർ, വിശദമായ കണക്ക് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+ കേരളത്തിൽനിന്ന് ഒരു വർഷം വിദേശത്തേയ്ക്ക് കുടിയേറിയിട്ടുള്ള വിദ്യാർഥികളുടെ എണ്ണം പരമാവധി 35000-നും 40000-നും മധ്യേയാണ്. വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ ചെയ്യാനുള്ള സാഹചര്യം വിദേശ രാജ്യങ്ങളിൽ ലഭ്യമാണെന്നതും ജനസംഖ്യ കുറഞ്ഞ രാജ്യങ്ങളിലേയ്ക്ക് തൊഴിൽശേഷിയുള്ള യുവാക്കളെ ആകർഷിക്കുന്നതിന് വിസാ നയങ്ങളിൽ വലിയ തോതിൽ ഇളവ് വരുത്തുന്നതുമാണ് വിദ്യാർഥികളുടെ കുടിയേറ്റത്തിന് കാരണമായിട്ടുള്ളത്. കേരളത്തിൽ "Earn while you learn" സമീപനത്തോടുകൂടി തൊഴിലും വിദ്യാഭ്യാസവും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഒട്ടേറെ പദ്ധതികൾ ഈ കാലയളവിൽ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തെ പ്രശ്നപരിഹാരത്തിന് വലിയൊരളവിൽ സഹായകരമാകുമെന്ന് കരുതുകയാണ്. മുൻകാലങ്ങളിൽ കേംബ്രിഡ്ജ്, ഓക്സ്ഫോർഡ്, ഹാർവാർഡ്, സ്റ്റാൻഫോർഡ്, എം.ഐ.ടി. (Massachusetts Institute of Technology) തുടങ്ങി മികച്ച ഉന്നതവിദ്യാഭ്യാസ സർവ്വകലാശാലകളിലേയ്ക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസ സാഹചര്യങ്ങൾ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

തേടിയാണ് വിദ്യാർത്ഥികൾ ചേക്കേറിയതെങ്കിൽ, ഇന്ന് താരതമ്യേന കുറഞ്ഞ ഗുണനിലവാരമുള്ള സ്ഥാപനങ്ങളിലേയ്ക്കും വിദ്യാർത്ഥികൾ എത്തിച്ചേരുന്നുണ്ട്. വിദ്യാർത്ഥികളെ വിദേശത്തേയ്ക്ക് പോകുന്നതിൽനിന്നും പൂർണ്ണമായും തടയാൻ സർക്കാർ തയ്യാറല്ല. മികച്ച രീതിയിൽ ഉന്നതവിദ്യാഭ്യാസ സാഹചര്യങ്ങൾ നേടുന്നതിനുള്ള പശ്ചാത്തലം നമ്മുടെ വിദ്യാർത്ഥികൾക്ക് ലഭ്യമാണെന്നുള്ളതിനാലാണ് അവർക്കതിന് സാധിക്കുന്നത്. പക്ഷേ, നിരവധി ഏജൻസികൾ നല്ലൊരു ശതമാനം വിദ്യാർത്ഥികളെ മോഹന വാഗ്ദാനങ്ങൾ നൽകി വഞ്ചിക്കുന്നതായും സർക്കാർ തിരിച്ചറിയുന്നുണ്ട്. ഇത്തരം ഏജൻസികളെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വിദേശത്തുനിന്നുപോലും വിദ്യാർത്ഥികളെ ഇവിടേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ ഒരു ആഗോള ഹബ്ബാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യം കേരളത്തിൽ ഒട്ടും കുറവല്ല. പ്ലസ് ടു പാസാകുന്ന വിദ്യാർത്ഥികൾ 2023-ലെ കണക്കുപ്രകാരം ........

മി. സ്പീക്കർ: പ്ലീസ്..... മിനിസ്റ്റർ..... നമ്മൾ തമ്മിലുള്ള അണ്ടർസ്റ്റാൻഡിംഗ് പരിഗണിച്ച് സംസാരക്കു.....

ഡോ. ആർ. ബിന്ദു: സർ, ചില കാര്യങ്ങൾ പറഞ്ഞുപോകാതെ പറ്റില്ലല്ലോ. ദേശീയ റാങ്കിംഗ് നിർണ്ണയത്തിലും നാക് അക്രെഡിറ്റേഷനിലുമെല്ലാം ഉയർന്ന ഗ്രേഡുകളാണ് ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് നേടിയിട്ടുള്ളത്. മഹാത്മാഗാന്ധി സർവ്വകലാശാല A++, കേരള സർവ്വകലാശാല A++, കാലിക്കറ്റ് സർവ്വകലാശാല A+, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല A+, കുസാറ്റ് A+, ഇരുപത്തിനാല് കോളേജുകൾക്ക് A++, നാൽപ്പത്തിമൂന്ന് കോളേജുകൾക്ക് A+, അറുപത്തിയെട്ട് കോളേജുകൾക്ക് A ഗ്രേഡ് എന്നിങ്ങനെയുള്ള നേട്ടങ്ങളാണ് ഇക്കാലയളവിൽ കൈവരിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ഇതൊക്കെ സഭയിൽ നിരവധി തവണ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്.

ഡോ. ആർ. ബിന്ദു: സർ, എൻ.ഐ.ആർ.എഫ് (നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക്) റാങ്കിംഗിൽ സംസ്ഥാനത്തെ

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാനും 42 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആദ്യത്തെ 200 റാങ്കുകളിൽ ഇടംപിടിക്കാനും സാധിച്ചിട്ടുണ്ട്. റാങ്കിംഗിലെ മികച്ച ഇരുപത്തിയൊന്ന് ശതമാനം സ്ഥാപനങ്ങൾ സംസ്ഥാനത്തുനിന്നുള്ളവയാണ്. അതുപോലെ സമയബന്ധിതമായി പരീക്ഷകൾ നടത്തി ഫലം പ്രഖ്യാപിക്കാൻ ഈ കാലയളവിൽ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് കിഫ്ബി, പ്ലാൻ ഫണ്ട്, റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) എന്നീ പദ്ധതികളിലൂടെ 6000 കോടി രൂപ കഴിഞ്ഞ നാല് വർഷക്കാലത്തിനുള്ളിൽ ചെലവാക്കിയിട്ടുണ്ടെന്നത് കേന്ദ്ര ഗവൺമെന്റിന്റെതന്നെ ഇക്കണോമിക് റിവ്യൂ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആധുനിക അക്കാഡമിക് കോംപ്ലക്സുകളും ലബോറട്ടറികളും ലൈബ്രറികളും കായികസൗകര്യങ്ങളും സ്മാർട്ട് ക്ലാസ്സ് റൂമുകളുമൊക്കെയൊരുക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഈ വർഷം കേരള സർവ്വകലാശാലയിലേയ്ക്ക് 2600, കുസാറ്റിലേയ്ക്ക് 1590, മഹാത്മാഗാന്ധി സർവ്വകലാശാലയിലേയ്ക്ക് 885 എന്നിങ്ങനെ വിദേശരാജ്യങ്ങളിൽനിന്നും വിദ്യാർത്ഥികൾ അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്. സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ യാതൊരു പാളിച്ചയുമില്ലെന്ന് മാത്രമല്ല, സർവ്വകലാശാലകളുടെ കീർത്തി രാജ്യാന്തരതലത്തിലേയ്ക്ക് വ്യാപിക്കുകയാണ് ചെയ്യുന്നത്. രാഷ്ട്രീയമായ കാര്യങ്ങളാണ് ഇതിന് വിഘാതമായി നിൽക്കുന്നതെന്ന തെറ്റായ രീതിയിലുള്ള പ്രചാരണം നടത്താനുള്ള പരിശ്രമമാണ് ഇവിടെ നടക്കുന്നത്. കഴിഞ്ഞ നാല് വർഷക്കാലത്തിനിടയ്ക്ക് ഏറ്റവും മികച്ച നിലയിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തിയെടുക്കുന്നതിന് ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങൾക്ക് ഫലം കണ്ടുകൊണ്ടിരിക്കുകയാണ്. സമഗ്രവും സമൂലവുമായ പരിഷ്കാരങ്ങളുടെ ഭാഗമായി ആവിഷ്കരിച്ച നാല് വർഷം ബിരുദ പ്രോഗ്രാമിന് വ്യാപകമായ സ്വീകാര്യതയാണ് ലഭിച്ചിരിക്കുന്നത്. യാതൊരു എതിർപ്പുമില്ലാതെ വളരെ മികച്ച രീതിയിൽ മുന്നോട്ടുപോകാൻവേണ്ടിയുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തിക്കൊണ്ടാണ് നാം ആ മാറ്റത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ദയവായി അവസാനിപ്പിക്കണം.

ഡോ. ആർ. ബിന്ദു: സർ, ഉപരിപഠനത്തിനായി വിദേശത്തേയ്ക്ക് പോകുന്നത് ഒരു കുറ്റമല്ല, അത് പുതിയൊരു കാര്യവുമല്ല. രാഷ്ട്രപിതാവ്

മഹാത്മാഗാന്ധി ലണ്ടനിലാണ് പഠിച്ചത്. ജവഹർലാൽ നെഹ്റുവും ഡോ. ബി. ആർ. അംബേദ്കറും വി. കെ. കൃഷ്ണമേനോനും ഇന്ദിരാഗാന്ധിയുമൊക്കെ ലണ്ടനിലാണ് പഠിച്ചത്. അതുപോലെ പാണക്കാട് സെയ്ത് മുഹമ്മദലി ഷിഹാബ് തങ്ങൾ കെയ്റോ യൂണിവേഴ്സിറ്റിയിലാണ് പഠിച്ചത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ഡോ. ആർ. ബിന്ദു: സർ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരളത്തിന്റെ മികവ് തന്നെയാണ് വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന് അവരെ സഹായിക്കുന്നത്. മികച്ച സാധ്യതകൾ തേടി അവർ പോകട്ടെ. അതുമാത്രമല്ല, അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലേയ്ക്ക് പോകുന്നതിന് പ്രത്യേക സഹായം ഗവൺമെന്റ് നൽകുന്നുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല മികച്ച രീതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സഭ നിർത്തിവയ്ക്കേണ്ട യാതൊരു അടിയന്തര ആവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, സമയക്ലിപ്തത പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, അവതരണാനുമതി നൽകിയതിന് ആദ്യമായി ഞാൻ നന്ദി പറയുകയാണ്, ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശപ്രകാരം, I will be well within my syllabus. പക്ഷെ, എല്ലാ അവതാരകർക്കും നൽകുന്നൊരു പരിഗണന എനിക്കും നൽകുമെന്ന് പ്രതീക്ഷിക്കുകയാണ്.

സാധാരണഗതിയിൽ ഞാൻ സംസാരിക്കാൻ എഴുന്നേൽക്കുമ്പോൾ മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പറയാനും ആരോപണം ഉന്നയിക്കാനുമാണെന്നാണ് എല്ലാവരും ധരിക്കാറുള്ളത്. പക്ഷെ, ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ദയവായി എല്ലാവരും ചേർന്ന് ഇത് ചർച്ച ചെയ്യാൻ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. നമ്മളെല്ലാവരും ഇന്നിവിടെ വന്നിരിക്കുന്നത് കേരളത്തിന്റെ ഭാവിയെക്കുറിച്ച് ആലോചിക്കാനും പറയാനുംവേണ്ടിയാണ്. ഇന്നലെ ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പോസിറ്റീവായ ചില കാര്യങ്ങളൊക്കെ പറഞ്ഞെങ്കിലും

പലപ്പോഴും ആ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകാറുണ്ടോയെന്ന് സംശയമുണ്ട്. നാം ഒരുമിച്ച് ഏറ്റവും ഗൗരവത്തോടെ ആലോചിക്കേണ്ടൊരു വിഷയമാണിത്. കാരണം, GIFT (Gulati Institute of Finance and Taxation) പോലുള്ള സ്ഥാപനങ്ങളുടെ migration survey പുറത്തുവന്നത് വളരെ നന്നായെന്നാണ് എനിക്ക് തോന്നുന്നത്. 2018-ൽ 129763 കുട്ടികളായിരുന്നു വിദേശ രാജ്യങ്ങളിലേയ്ക്ക് പോയിരുന്നതെങ്കിൽ 2023 ആയപ്പോൾ രണ്ടര ലക്ഷം കഴിഞ്ഞുവെന്നാണ് അവർ പറഞ്ഞത്. അത് നമ്മളെ തുറിച്ചു നോക്കുന്നൊരു സത്യമാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്നുപറയുന്ന കേരളത്തിന്റെ ഭാവി തലമുറ ഇവിടെ നിൽക്കാനാഗ്രഹിക്കുന്നില്ല. 17-20 വയസ്സുവരുന്ന കേരളത്തിലെ ഒരു ശരാശരി ചെറുപ്പക്കാരന്റെ മാനസ്സികാവസ്ഥ എന്താണെന്ന് ചോദിച്ചാൽ ' any country is better than my state' എന്ന് നിസംശയം പറയാൻ കഴിയുന്നതാണ്. ഇവിടെനിന്ന് എങ്ങനെയെങ്കിലും വിദേശത്തേയ്ക്ക് പോയാൽ രക്ഷപ്പെട്ടുമെന്ന് ചിന്തിക്കുന്നൊരു തലമുറ കേരളത്തിൽ വളർന്നുവരുന്നത് വളരെ ഭയാനകമായ കാര്യമാണ്, അത് നമ്മൾ ചർച്ച ചെയ്യാതിരുന്നിട്ടോ അംഗീകരിക്കാതിരുന്നിട്ടോ കാര്യമില്ല. ഇനി

അതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചാൽ, സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക കാരണങ്ങളാണുള്ളത്. ഇന്നത്തെ തലമുറ ജീവിക്കാനാഗ്രഹിക്കുന്നൊരു അന്തരീക്ഷം നൽകാൻ സാധിച്ചിട്ടില്ലെന്നതാണ് നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം. ഇന്നത്തെ യുവതലമുറ ലിബറൽ അന്തരീക്ഷത്തിൽ സംസ്കാര സമ്പന്നരും സ്വതന്ത്രരുമായി ജീവിക്കാനാണഗ്രഹിക്കുന്നത്. എന്നാൽ അങ്ങനെയൊരന്തരീക്ഷം അവർക്ക് നൽകാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, അതിനോടനുബന്ധിച്ച് സാമ്പത്തിക കാരണങ്ങളും അവരെ വല്ലാതെ അലട്ടുന്നുണ്ട്. കേരളത്തിലെ ഒരു ശരാശരി ചെറുപ്പക്കാരന്റെ അവസ്ഥയെന്താണ്? ഇന്നലത്തെ എന്റെയൊരു അനുഭവം പറയാൻ ആഗ്രഹിക്കുകയാണ്. ആ സ്ഥലം പറയുന്നതുകൊണ്ട് കുഴപ്പമുണ്ടോയെന്ന് എനിക്കറിയില്ല, എന്നാലും I happened to be there in Mascot Hotel, അവിടെ ജോലി ചെയ്യുന്നൊരു ചെറുപ്പക്കാരൻ എന്റെ കൂടെയുണ്ടായിരുന്നു, അവൻ ഒരു വർഷമായി അവിടെ ജോലി ചെയ്യുകയാണ്, അവന്റെ ശമ്പളം എത്രയാണെന്ന് ചോദിച്ചപ്പോഴാണ് 10,000/- രൂപയാണെന്ന് അറിയുന്നത്. ഔട്ട്സോഴ്സ് ചെയ്ത കമ്പനിയാണ് അവനെ അവിടെ ജോലിക്ക്

വച്ചിരിക്കുന്നത്. ഒരു വർഷമായി അവിടെ ജോലി ചെയ്യുന്ന അവന് 10000 രൂപ മാത്രമാണ് ലഭിക്കുന്നത്. 9000 രൂപയും 8000 രൂപയും 7500 രൂപയും 6000 രൂപയുമൊക്കെ ഈ കേരളത്തിൽ ചെറുപ്പക്കാർ പണിയെടുക്കേണ്ടിവരുന്നുണ്ട്. അവർ ഈ നാട് വിട്ട് പോയില്ലെങ്കിലേ അത്ഭുതമുള്ളൂ. അവർ ആഗ്രഹിക്കുന്നതുപോലൊരു അന്തരീക്ഷം ഇവിടെ കൊടുക്കാൻ കഴിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാനാഗ്രഹിക്കുകയാണ്. നമ്മുടെ ചുറ്റുമുള്ള നഗരങ്ങളൊന്ന് പരിശോധിക്കാം, പ്രത്യേകിച്ച്, ധനകാര്യവകുപ്പുമന്ത്രി അറിഞ്ഞിരിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് ഞാൻ പറയുകയാണ്. ഒരു വർഷം ഒരു ചെറുപ്പക്കാരന് ഓരോ നഗരങ്ങളിലുംകിട്ടുന്ന ശമ്പള സ്കെയിന്റെ ആവറേജ് എന്നത് ബാംഗ്ലൂരിൽ 9,57,000/- രൂപ, ഹൈദരാബാദിൽ 7,23,000/- രൂപ, പൂണെയിൽ 7,19,000/- രൂപ, മുംബൈയിൽ 6,41,000/- രൂപ, ചെന്നൈയിൽ 6,18,000/- രൂപ, ഡൽഹിയിൽ 6,11,000/- രൂപ, തിരുവനന്തപുരത്ത് 5,72,000/- രൂപ, കൊച്ചിയിൽ 5,05,000/- രൂപ എന്നിങ്ങനെയാണ്. ഇതെല്ലാം സ്മാർട്ട് സിറ്റികളുമായി ബന്ധപ്പെടുത്തി നടത്തിയ പഠനംവഴി ലഭിച്ചതാണ്.

എന്തുകൊണ്ടാണ് ഇക്കാര്യത്തിൽ കേരളം മാത്രം ഇത്ര പുറകിലേയ്ക്ക് പോകാൻ കാരണം? ഇവിടത്തെ വിദ്യാർത്ഥികൾക്ക് കേരളത്തിൽ നിൽക്കാൻ കഴിയുന്നൊരന്തരീക്ഷം കൊടുക്കാൻ സാധിക്കണം. അങ്ങനെയൊരന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണം, കേരളത്തിന്റെ സാമ്പത്തിക വളർച്ച നിശ്ചലമാണ്. അത് അംഗീകരിക്കാതിരുന്നിട്ട് യാതൊരു കാര്യവുമില്ല. അതിന് ഞാനൊരു ഉദാഹരണം പറയാം. Urban unemployment-ന്റെ കാര്യത്തിൽ ഇന്ത്യാരാജ്യത്ത് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. 2024 ജനുവരി-മാർച്ച് ക്വാർട്ടറിലെ കണക്കനുസരിച്ച് ജമ്മു കാശ്മീരിനെയും കടന്ന് നാം 31.8 ശതമാനത്തിൽ എത്തിനിൽക്കുകയാണ്. Unemployment is an issue for youngsters. അഭ്യസ്തവിദ്യരായ അവർക്ക് ജോലിയോ മിനിമം വരുമാനമോപോലുമില്ലാതെ നടക്കേണ്ടി വരുമ്പോൾ സ്വാഭാവികമായും നാടുവിടേണ്ടിവരും. കേരളത്തിന് സാമ്പത്തിക വളർച്ച കൈവരിക്കാൻ സാധിക്കുന്നില്ലെന്നതാണ് ഇതിന്റെയൊക്കെ പ്രധാനപ്പെട്ട കാരണം. അതിനുള്ള എല്ലാ സാധ്യതകളും നമ്മൾ അടച്ചുകളഞ്ഞു. അതുസംബന്ധിച്ച് ഒരു കാര്യം കൂടി പരിശോധിക്കുന്നത് നന്നായിരിക്കും.

കേരളത്തിന് ചുറ്റുമുള്ള സംസ്ഥാനങ്ങളുടെ കാര്യം മാത്രം പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും. FDI (Foreign Direct Investment)-ടെ inflow ആണല്ലോ economic vibrancy കാണിക്കുന്ന ഒരു കണക്ക് എന്നുപറയുന്നത്. 2019 മുതൽ 2024 വരെ കേരളത്തിലേയ്ക്കുള്ള FDI inflow എന്നുപറയുന്നത് 978 ദശലക്ഷം ഡോളറാണ്. എന്നാൽ തമിഴ്നാട്ടിനുണ്ടായത് 11 ശതകോടി ഡോളറും കർണ്ണാടകയ്ക്ക് 51 ശതകോടി ഡോളറുമാണ്. അതിന് കാരണമെന്താണ്? അവർക്കൊരു vibrant economy ഉണ്ട്. അതുകൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞ കണക്കനുസരിച്ച് ശമ്പള സ്കെയിലിന്റെ ആവറേജിൽ ബാംഗ്ലൂരിൽ 957000-ഉം കൊച്ചിയിൽ 505000-ഉം ആയത്. കേരളത്തിന് ആ Economic vibrancy നഷ്ടപ്പെട്ടതുകൊണ്ടാണ് ബാംഗ്ലൂരിന്റെ കണക്കിൽനിന്നും നാം ഏകദേശം പകുതിയിൽ നിൽക്കാൻ കാരണം. അതിന് നാം ആരെയെങ്കിലും കുറ്റംപറഞ്ഞിട്ട് കാര്യമുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി ഇവിടത്തെ വിദ്യാഭ്യാസത്തെക്കുറിച്ച് വലിയ അവകാശവാദങ്ങൾ ഉന്നയിച്ചു. എന്തിനാണ് ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്ന് മേനിനടിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ആത്മാർത്ഥവും സത്യസന്ധവുമായി ഈ സഭയിൽ

ചർച്ച ചെയ്യാൻ തയ്യാറുണ്ടോ? രണ്ടുവട്ടം നമ്മുടെ മുമ്പിൽ ഒരു വിഷയം വന്നു. ഒന്ന്, ഇവിടെ പത്താം ക്ലാസ് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് എഴുത്തും വായനയും അറിയില്ലെന്ന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നേതൃത്വം കൊടുക്കുന്ന ഡി.പി.ഐ. പറഞ്ഞു. അന്ന് നമ്മൾ അതിനെ അപഹസിച്ച് തള്ളിയപ്പോൾ അവിടെയിരിക്കുന്നൊരു മന്ത്രി അത് തെറ്റല്ല, സത്യമാണെന്ന് പറഞ്ഞു. പക്ഷെ, ആ മന്ത്രിയും അദ്ദേഹത്തിന്റെ പ്രസ്താവന പിന്നീട് തിരുത്തി. അദ്ദേഹത്തിന് ആ സ്റ്റേറ്റ്മെന്റിൽ ഉറച്ചുനിൽക്കാനുള്ള തന്റേടമുണ്ടായിരുന്നില്ല. പത്താം ക്ലാസ് വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്ന കുട്ടികൾക്ക് നേരെചൊവ്വേ എഴുത്തും വായനയും അറിയില്ലെന്ന് പറഞ്ഞ മന്ത്രിയെ നിങ്ങൾ കുറ്റപ്പെടുത്തി അദ്ദേഹത്തെക്കൊണ്ട് അത് പിൻവലിപ്പിച്ച് തിരിച്ച് പറയിപ്പിച്ചു. പക്ഷെ, യാഥാർത്ഥ്യമെന്താണ്. നമ്മെ തുറിച്ചുനോക്കുന്നൊരു വസ്തുതയാണത്. ഒരുപാട് എ പ്ലസ്സുകളുടെ കണക്കുകളും എല്ലാ യൂണിവേഴ്സിറ്റികളും ഏറ്റവും മികച്ചതാണെന്നുമൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇന്ത്യാ രാജ്യത്തെ പൊതുവായ പരീക്ഷകളിൽ മത്സരിക്കേണ്ടി വരുന്ന കുട്ടികളുടെ അവസ്ഥ പരിശോധിക്കാൻ പറ്റുന്ന ഏറ്റവും അവസാനത്തെ തെളിവാണ് നീറ്റ്

പരീക്ഷ. 2021-ൽ 110206 പേർ കേരളത്തിൽനിന്നും പരീക്ഷ എഴുതിയതിൽ 73385 പേർ അതായത് 67 ശതമാനം പേർ യോഗ്യത നേടി. 2022-ൽ 92911 പേർ പരീക്ഷ എഴുതിയതിൽ 59404 പേർ യോഗ്യത നേടി. We came down to 64 percent. 2023-ൽ 133450 പേർ പരീക്ഷ എഴുതിയതിൽ 75362 പേർ യോഗ്യത നേടി അതായത്, 56 ശതമാനം. We are coming down. ഇത് സത്യമല്ലേ? ഇത് നമ്മൾ നിഷേധിച്ചിട്ട് കാര്യമില്ല. എല്ലാത്തിനും എ പ്ലസ് ഉണ്ട്, എല്ലാ യൂണിവേഴ്സിറ്റിക്കും എ പ്ലസ് ഉണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഞാൻ ആരെയും കുറ്റപ്പെടുത്താൻ പറയുന്നില്ല. ഇത് വളരെ സത്യസന്ധമായ ഫാക്ടാണ്. You cannot deny this. കേരളം എന്നുപറഞ്ഞാൽ ഇന്ത്യാ രാജ്യത്ത് ഏറ്റവും മികച്ച സാക്ഷരതയുള്ള സംസ്ഥാനം, ഏറ്റവും നല്ല പെർഫോമൻസ് നടത്തിയിരുന്ന സംസ്ഥാനം, ഒരു കാലത്ത് വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും മുൻപന്തിയിൽനിന്ന സംസ്ഥാനം, ഹെൽത്ത് സെക്ടറിൽ ഏറ്റവും മുൻപന്തിയിൽനിന്ന സംസ്ഥാനം എന്നൊക്കെയാണ് പറയുന്നത്. ഇതിനുപുറമെ ഇനിയൊരു കണക്കുകൂടി പറയാം. ഇന്ന് ഇന്ത്യാ രാജ്യത്ത് ഏറ്റവും പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ട് എന്ന് പറയുന്നത് ഐ.ഐ.ടി.-യും

ഐ.ഐ.എം.-യുമൊക്കെയാണല്ലോ; ഒരു പാനലെടുത്ത് കുട്ടികളുടെ പെർഫോമൻസ് പഠിച്ചുനോക്കാം. കേരളത്തിൽ വിദ്യാഭ്യാസം നേടിയവർ ഏറ്റവും ബെസ്റ്റായി നിൽക്കുന്നുവെന്നാണല്ലോ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. കേരളത്തിൽനിന്നും ഐ.ഐ.ടി.-ൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികളുടെ എണ്ണം അവിടെ അഡ്മിഷൻ ലഭിക്കുന്ന മൊത്തം കുട്ടികളുടെ എണ്ണത്തിന്റെ 1.08 ശതമാനമാണ്. കേരളത്തിനോടൊപ്പംതന്നെ കണക്കുകൂട്ടാൻ പറ്റുന്ന ഒരു സംസ്ഥാനമാണ് രാജസ്ഥാൻ. രാജസ്ഥാനിൽ ധാരാളം ഐ.ഐ.ടി. കോച്ചിംഗ് സെന്ററുകളുണ്ടെന്നത് ശരിയാണ്. അത് മാറ്റിനിർത്തിയിട്ട് സംസ്ഥാനമെന്ന നിലയ്ക്ക് ഒരു comparison draw ചെയ്യാൻ പറ്റുന്നൊരു സംസ്ഥാനമാണ് രാജസ്ഥാൻ. രാജസ്ഥാനിൽ അഡ്മിഷൻ ലഭിക്കുന്നത് 15.82 ശതമാനമാണ്. ആ സമയത്താണ് കേരളത്തിൽനിന്നും ഐ.ഐ.ടി.-യിലും ഐ.ഐ.എം.-ലും 1.08 ശതമാനം ലഭിക്കുന്നത്. What happens? എന്തുകൊണ്ടാണ് ദേശീയ പരീക്ഷകളിൽ സംസ്ഥാനത്തെ കുട്ടികൾ പരാജയപ്പെടുന്നത്? നമ്മുടെ യൂണിവേഴ്സിറ്റി ഏറ്റവും മികച്ചതാണെന്ന് ഇവിടെ സഭയിൽവന്ന് പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. എ പ്ലസ്സും NAAC-ഉം

ലഭിച്ചുവെന്ന് പറഞ്ഞിട്ട് കാര്യമില്ല. ദേശീയ മത്സര പരീക്ഷകളിൽ കേരളത്തിൽനിന്നുള്ളവർ പരാജയപ്പെടുകയോ പിന്നിലാക്കപ്പെടുകയോ ചെയ്യുകയാണ്. അതിനാണ് പരിഹാരം കാണേണ്ടത്. ഇനി അതേ കണക്കുതന്നെ പറയുന്നത് എന്താണ്, ഒരു സംസ്ഥാനത്തുനിന്നും ശരാശരി 8 മുതൽ 10 ശതമാനംവരെ കുട്ടികൾ ഐ.ഐ.ടി.-യിൽ വരുമ്പോൾ കേരളത്തിൽനിന്നും 1.08 ശതമാനം മാത്രമാണെന്നാണ്. അതുപോലും നമ്മുടെ കണ്ണ് തുറപ്പിക്കില്ലേ? യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചുവേണമെങ്കിൽ മുന്നോട്ടുപോകാം. കുട്ടികൾ എന്തുകൊണ്ടാണ് വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നത്. ഞാൻ യൂണിവേഴ്സിറ്റികളെ സംബന്ധിച്ചൊരു provoking statement-ലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. ഇന്നത്തെ കേരളത്തിലെ മാതാപിതാക്കളുടെ അവസ്ഥ ഓർക്കുമ്പോഴാണ് എനിക്ക് ഏറ്റവും സങ്കടം. ഞാൻ ഇതുസംബന്ധിച്ചൊരു കേസ് സ്റ്റഡി നടത്തി. വളരെ സത്യസന്ധമായൊരു കാര്യമായതുകൊണ്ട് നിങ്ങൾ എല്ലാവരും ഇത് വിശ്വസിക്കണം. ഞങ്ങളുടെ നാട്ടിലെ ഒരാൾ, ഞാൻ ആ വീടും ആളിന്റെ പേരും പറയാൻ ആഗ്രഹിക്കുന്നില്ല. ശരാശരി നല്ല നിലയിൽ ജീവിക്കുന്ന ഒരു മിഡിൽ

ക്ലാസ് ഫാമിലി. ആകെ ഒരു മകനാണുള്ളത്. ആ മകൻ വിദേശത്ത് പഠിക്കാനായി പോയി. അച്ഛനും അമ്മയ്ക്കും പ്രായമായതിനാൽ അവർക്ക് ചെറിയ സഹായം വേണം. ഞാൻ അവരുടെ വീട്ടിൽ പോയി. അവിടെ ഒരു ബംഗാളി യുവാവ് അവരുടെ സഹായത്തിനായി വരുന്നുണ്ട്. അയാൾ എല്ലാദിവസവും അവരെ വണ്ടിയിൽ ആവശ്യമുള്ള സ്ഥലത്ത് കൊണ്ടുപോകുകയും മരുന്നുകൾ വാങ്ങിക്കൊടുക്കുകയും ചെയ്യുന്നുണ്ട്. യു.കെ.-യിൽ പഠിക്കാൻപോയ മകനെ ഞാൻ വിളിച്ചു. അവനോട് പഠിക്കുന്ന കാര്യങ്ങളൊക്കെ ചോദിച്ചപ്പോൾ അവൻ യു.കെ.-ലെ ഒരു കെയർ ഹോമിൽ വർക്ക് ചെയ്യുകയാണെന്ന് പറഞ്ഞു. ഇവിടെ സ്വന്തം അച്ഛനെയും അമ്മയെയും നോക്കാൻ ഒരു ബംഗാളി യുവാവിനെ ഏൽപ്പിച്ചിട്ട് യു.കെ.-യിലെ സായിപ്പിന് മരുന്ന് എടുത്തുകൊടുക്കുകയും കുളിപ്പിക്കുകയും അവരുടെ കാര്യങ്ങൾ നോക്കുകയും ചെയ്യുന്ന ഒരു മകൻ അവർക്കുണ്ട്. അച്ഛനോടും അമ്മയോടും സ്നേഹമില്ലാത്തതുകൊണ്ടല്ല. എന്നാൽ, ചില സോഷ്യോ- ഇക്കണോമിക്- പൊളിറ്റിക്കൽ റീസൺസാണ് ആ കുട്ടി ഇവിടെനിന്നും പോകാനും അച്ഛനും അമ്മയും വാർദ്ധക്യത്തിൽ ബംഗാളിയെ ആശ്രയിച്ച് ജീവിക്കേണ്ടി വരാനും

ഇടയാക്കിയത്. ഇതാണ് കേരളത്തിലെ യുവ തലമുറയുടെ ശരാശരി ജീവിത സാഹചര്യം. ഇതിന് മാറ്റമുണ്ടാകണമെങ്കിൽ കേരളത്തെ re-define ചെയ്യണം. പലപ്പോഴും സംഭവിച്ചിട്ടുള്ള കാര്യമെന്താണെന്നുവച്ചാൽ, ഞാൻ ഇത് രാഷ്ട്രീയപരമായി കുറ്റപ്പെടുത്തുന്നതാണെന്ന് ധരിക്കരുത്. കേരളത്തിന് ഇക്കണോമിക്ക് ഗ്രോത്തുണ്ടാകുമായിരുന്ന ധാരാളം അവസരങ്ങൾ പ്രത്യയശാസ്ത്ര പിടിവാശികൊണ്ട് നമ്മൾ നശിപ്പിച്ചു. ഞാൻ നേരത്തെ ബാംഗ്ലൂരിലെ പേസ്കെയിലിന്റെ കാര്യവും ഹൈദരാബാദിലെ പേ സ്കെയിലിന്റെ കാര്യവും ചെന്നൈയിലെ പേ സ്കെയിലിന്റെ കാര്യവും പറഞ്ഞു. എങ്ങനെയാണ് അവർക്കത് സാധിച്ചതെന്നറിയാമോ? ഇന്ത്യാ രാജ്യത്തിന് കഴിഞ്ഞ നാളുകളിൽ കിട്ടിയ ഏറ്റവും വലിയ അവസരം, ഇന്ത്യാ രാജ്യം സാമ്പത്തികമായി വളർന്നതിന് ഏറ്റവും സുപ്രധാന ഘടകമായ ഐ.ടി. ഔട്ട്സോഴ്സിംഗ് എന്ന വലിയ അവസരം ലോകത്തുനിന്നും കേരളത്തിലേയ്ക്ക് മുഴുവൻ വരുമായിരുന്നു. കേരളത്തെയാണ് ഉറ്റുനോക്കിയത്. ഏറ്റവും പ്രകൃതി രമണീയമായ നാട്, സംസ്കാരസമ്പന്നമായ നാട്, മതേതര സംസ്കാരമുള്ള നാട്, അത്യാവശ്യം ഇംഗ്ലീഷും നന്നായി സംസാരിക്കാൻ അറിയാവുന്ന ആളുകൾ,

ഏറ്റവും കൂടുതൽ ഐ.ടി. വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരുള്ള നാട്, എന്നീ കാര്യങ്ങൾകൊണ്ട് കേരളത്തിലേയ്ക്ക് വരുമായിരുന്നത് കേരളത്തിന്റെ അതിർത്തിയായ കാസർഗോഡിലും കന്യാകുമാരിയിലും തടഞ്ഞുനിർത്തിയത് ഒരു പ്രത്യയശാസ്ത്ര പിടിവാശിയായിരുന്നു. അത് വഴിമാറി ഒഴുകിയതാണ് ബാംഗ്ലൂരിലേയ്ക്കും ഹൈദരാബാദിലേയ്ക്കും ചെന്നൈയിലേയ്ക്കും. പത്ത് വർഷം മുമ്പ് നമ്മൾ കണ്ട ബാംഗ്ലൂരല്ല ഇന്നത്തെ ബാംഗ്ലൂർ. ഹൈദരാബാദിന് എത്ര നാളത്തെ ചരിത്രമുണ്ട്; But they grown leaps and bounds, how? അവർ ഇക്കണോമിക്ക് ഗ്രോത്തിനുവേണ്ടി നിലക്കൊണ്ടു. നമ്മൾ പലപ്പോഴും പ്രത്യയശാസ്ത്ര പിടിവാശികൊണ്ട് എല്ലാ അവസരങ്ങളും നശിപ്പിച്ചു. അതുകൊണ്ട് ഇവിടത്തെ ചെറുപ്പക്കാർ they are socially frustrated, they are economically frustrated, they are politically frustrated. നമ്മൾ ഡിസ്കസ് ചെയ്യുകയും ഡിബേറ്റ് ചെയ്യുകയും ചെയ്യുന്ന കാര്യങ്ങൾ എന്താണ്? ആർക്കും വേണ്ടാത്ത ജാതിയും മതവും ലോകം മുഴുവൻ വലിച്ചെറിഞ്ഞ ഇല്ലാത്ത കാര്യങ്ങളും പറഞ്ഞ് തർക്കിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ മക്കളെ കൂടെനിർത്താൻ കഴിയുന്ന ഒരന്തരീക്ഷം ഈ സംസ്ഥാനത്തുണ്ടാക്കാൻ

കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്താണ് നാം നേടാൻ പോകുന്നത്. ബൈബിളിൽ ഒരു വാചകമുണ്ട് 'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം' എന്ന് പറഞ്ഞതുപോലെ വാർദ്ധക്യത്തിൽ മക്കളുടെ സാന്നിദ്ധ്യമില്ലാത്ത മാതാപിതാക്കൾക്കാണ് അതിന്റെ വിഷമം മനസ്സിലാകുന്നത്. പക്ഷെ ഇന്ന് കേരളത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യം.... വേണമെങ്കിൽ എല്ലാം ഭദ്രമാണെന്ന് പറഞ്ഞ് തിരിച്ചുപോകാം. But I am telling you everyone ഈ സ്റ്റേറ്റ് ഓഫ് കേരള കേൾക്കാനായി പറയുകയാണ്, we are facing a danger. നമ്മുടെ ചെറുപ്പക്കാർ ഈ നാട്ടിൽ നിൽക്കാതെ പോയാൽ നാളെ ഇവിടത്തെ enterpreneurship-ന് ആളില്ലാതെ, സ്കില്ലുള്ള തൊഴിലാളികളില്ലാതെ, ബിസിനസ്സ് ഗ്രോത്തും അവസരങ്ങളും ഇല്ലാതെ അവസാനം കേരളം വൃദ്ധസദനമായി മാറും. ഈ വിഷയം പ്രാധാന്യമില്ലാത്തതാണെന്ന് അങ്ങ് ധരിക്കരുത്. നമുക്കെല്ലാവർക്കും ചേർന്ന് ഇതിനൊരു പരിഹാരം കാണണമെന്നുള്ള ആത്മാർത്ഥമായ സമീപനത്തോടുകൂടി ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, ഏതായാലും കാർട്ടൂൺ മാറ്റി വരയ്ക്കേണ്ടിവരും.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ബഹുമാനപ്പെട്ട അംഗം കേരളത്തെക്കുറിച്ചുള്ള വലിയ ഉത്കണ്ഠകൾ ഇവിടെ പങ്കുവച്ചു. പക്ഷെ അതിൽനിന്ന് വ്യത്യസ്തമാണ് ഇവിടത്തെ കാര്യങ്ങളെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ സിറ്റികളാണ് ഏറ്റവും ജീവിതഭദ്രതയുള്ളതായി യുവാക്കൾ കാണുന്നതെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ടുതന്നെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. കേരളത്തിലെ സ്റ്റാർട്ടപ്പ് സംവിധാനമാണ് ഗ്ലോബൽ റാങ്കിംഗിൽ ആദ്യത്തെ അഞ്ചിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് അഭിമാനപൂർവ്വം ഈ സഭയെ ഞാൻ അറിയിക്കുകയാണ്. വളരെ ഗംഭീരമായ പ്രകടനമാണ് കേരളത്തിലെ സ്റ്റാർട്ടപ്പ് മിഷൻ കാഴ്ചവയ്ക്കാനായിട്ടുള്ളതെന്ന് ഗ്ലോബൽ റിപ്പോർട്ടിൽതന്നെ സൂചിപ്പിക്കുന്നുണ്ട്. India Skills Report 2024 ബഹുമാനപ്പെട്ട അംഗം വായിച്ചുനോക്കണം. ചെറുപ്പക്കാർക്കിടയിൽ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിന് കേരളത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള

അംഗീകാരം പ്രത്യേകിച്ച്, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (ASAP) എന്ന സംവിധാനത്തെ പേരെടുത്ത് പരാമർശിച്ചിട്ടുള്ളതായി India Skill Report പരിശോധിച്ചാൽ കാണാൻ സാധിക്കും. ഞാൻ ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. പ്രത്യയശാസ്ത്ര വാശിയെന്നൊക്കെ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞല്ലോ. ഇന്ത്യയിലെ ആദ്യത്തെ ഐ.ടി. പാർക്ക് എവിടെയാണുണ്ടായത്? സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് കേരള സംസ്ഥാനത്ത് ആദ്യത്തെ ഐ.ടി.പാർക്കുണ്ടായത്. ഇന്ത്യാചരിത്രത്തിൽ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക്, ആദ്യത്തെ ഡിജിറ്റൽ സയൻസ് സർവ്വകലാശാല എന്നിവ എവിടെയാണുണ്ടായത്? സഖാവ് പിണറായി വിജയൻ കേരളം ഭരിക്കുമ്പോഴാണ് ഈ രണ്ട് സംരംഭങ്ങളും ഇവിടെ സാക്ഷാത്ക്കരിക്കാൻ സാധിച്ചത്. മൂന്ന് റിസർച്ച് പാർക്കുകൾകൂടി കേരളത്തിൽ അടുത്തുതന്നെ സാക്ഷാത്ക്കരിക്കപ്പെടുമെന്നുള്ള കാര്യവും ഞാൻ സന്തോഷപൂർവ്വം അറിയിക്കുകയാണ്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ് നികത്തുന്നതിനുവേണ്ടിയുള്ള കാര്യമായ ഇടപെടലുകൾ ഈ സന്ദർഭത്തിൽ

ഉന്നത വിദ്യാഭ്യാസ വകുപ്പും മറ്റ് വകുപ്പുകളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതുപോലെ തൊഴിലുൽപ്പാദനപരമായ ഒട്ടേറെ പ്രവർത്തനങ്ങൾ K-DISC-ഉം Kerala Knowledge Economy Mission (KKEM)-ഉം ചേർന്ന് നടത്തുന്നുണ്ട്. ഒരു വിജ്ഞാന സമ്പദ്ഘടന കെട്ടിപ്പടുത്തുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക അടിത്തറ വിപുലീകരിക്കുന്നതിനും ജനജീവിത നിലവാരമുയർത്തുന്നതിനും കാര്യക്ഷമമായ ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വസ്തുതാപരമായി കാര്യങ്ങൾ പരിശോധിച്ചാൽതന്നെ നിങ്ങൾക്കത് മനസ്സിലാക്കാൻ സാധിക്കും. വിദേശ രാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്ന വിദ്യാർത്ഥികൾ ഭദ്രമായ തൊഴിലുകളിലേയ്ക്കല്ല എത്തിപ്പെടുന്നതെന്ന് ബഹുമാനപ്പെട്ട അംഗം തന്റെ സംസാരത്തിൽ സൂചിപ്പിച്ചത് വലിയൊരു വൈരുധ്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അത് കേരളത്തിൽ നിലനിൽക്കുന്ന ചില social dogmas pure pressure-ന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ പോകുന്ന കാര്യത്തിലേയ്ക്കൊക്കെ വെളിച്ചം വീശുന്നുണ്ട്. കേരളത്തിൽ ചെയ്യാത്ത ജോലികളാണ് കേരളത്തിലെ വിദ്യാർത്ഥികൾ മറ്റുരാജ്യങ്ങളിൽ പോയി ചെയ്യുന്നത്. നാട്ടിലെ സ്വന്തം

അമ്മൂമ്മയെ പരിചരിക്കാതെ മറ്റുരാജ്യങ്ങളിൽ പോയി വൃദ്ധജനപരിപാലനത്തിന് തയ്യാറാകുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അക്കാര്യം ശരിയാണ്. അവർക്ക് അവിടെ വളരെ താഴ്ന്ന ജോലികളിൽ പ്രവർത്തിക്കേണ്ടതായിവരുന്നു. പക്ഷേ നമ്മുടെ സംസ്ഥാനത്ത് അത്തരം ജോലികളിൽ ഏർപ്പെടാൻ അവർ തയ്യാറല്ലെന്നതാണ് വസ്തുത. ഏറ്റവും മികച്ച തൊഴിൽ സാധ്യതകളിലാണ് മിക്കവാറും എല്ലാ കുട്ടികളും എത്തിച്ചേരുന്നതെന്നത് വെറുംപൊള്ളയായ കാര്യമാണ്. നിലവിൽ വികസിത രാജ്യങ്ങളിൽ വേണ്ടത്ര തൊഴിൽസേന ഇല്ലാത്തതിനാൽ/ ഹ്യൂമൻ റിസോഴ്സസിന്റെ അഭാവംകൊണ്ട് അവർ നമ്മുടെ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളെ അവിടെ നിയമിക്കാൻ തയ്യാറാകുന്നു. അതുതന്നെ ഇപ്പോൾ പൂരിതാവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. ലോകത്തെ എല്ലാ രാജ്യങ്ങളിലും/വികസിത രാജ്യങ്ങളിലുൾപ്പെടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധികളെ മറികടക്കുന്നതിനുവേണ്ടി ഇത്തരത്തിൽ വികസിത രാജ്യങ്ങളിൽനിന്ന് റവന്യൂ ആകർഷിക്കുന്നതിനുള്ള ശ്രമമാണ് അവർ നടത്തുന്നതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. വിദേശത്തേയ്ക്ക് ചേക്കേറുന്ന

നമ്മുടെ വിദ്യാർഥികളെല്ലാവരും ധിഷണാപരമായി വളരെ സാധ്യതകളുള്ള കുട്ടികളാണെന്നും അവർക്ക് വളരെ ഉന്നതമായിട്ടുള്ള തൊഴിൽസാധ്യതകൾ ലഭിക്കുന്നുവെന്നും തെറ്റിദ്ധരിക്കേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്. വസ്തുതാപരമായ കാര്യങ്ങൾ വിദ്യാർഥികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള മുൻകൈയാണ് നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. അതിനുപകരം ഇവിടെനിന്നും എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതിയെന്നും കേരളം മഹാമോശമാണെന്നുമുള്ള പ്രചരണങ്ങൾ നടത്തുന്നത് അങ്ങയെപോലെയുള്ളവർക്ക് ഒട്ടും ഭൂഷണമല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ' എന്ന് പാടിയിട്ടുള്ള പൂർവ്വികരാണ് നമുക്കുള്ളത്. കേരളം മോശമാണെന്ന രീതിയിലല്ല പറയേണ്ടത്..........

<u>മി. സ്പീക്കർ</u>: നിങ്ങൾ സംസാരിച്ചപ്പോൾ അവരാരും ഒന്നും മിണ്ടിയില്ലല്ലോ. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.........

ഡോ. ആർ. ബിന്ദു: സർ, ഇന്ത്യയിലെ ചന്ദ്രയാൻ ദൗത്യം വിജയിച്ചപ്പോൾ ശ്രീ. എസ്. സോമനാഥ് ഉൾപ്പെടെയുള്ള കേരളത്തിൽനിന്നുള്ള ശാസ്ത്രജ്ഞരാണ് ആ ടീമിൽ ഏറ്റവും കൂടുതലായി (95%) ഉണ്ടായിരുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല മോശമല്ലെന്നതിന് ഉദാഹരണമായി ഞാൻ അതിനെ ചൂണ്ടിക്കാണിക്കുകയാണ്. വിദേശരാജ്യങ്ങളിൽ താഴ്ന്ന വരുമാനത്തിലുള്ള ജോലികളിൽ ഏർപ്പെടുകയാണ് നമ്മുടെ വിദ്യാർഥികളെന്ന കാര്യം ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ചു. കേരളത്തിന്റെ ഇക്കോണമിയെ ഊർജ്ജസ്വലമാക്കി മാറ്റുന്നതിനുവേണ്ടി കേരളം ഇതുപര്യന്തം ആർജ്ജിച്ചിട്ടുള്ള വൈജ്ഞാനിക സമ്പത്തിനെ/ഏറ്റവും പ്രധാനപ്പെട്ട മൂലധനത്തെ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാമെന്നാണ് സർക്കാർ ആലോചിക്കുന്നത്. വളരെ മൂർത്തമായ പദ്ധതികളിലൂടെ അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അഖിലേന്ത്യാ മത്സരപരീക്ഷകളിലും.........

ശ്രീ. പി. വി. ശ്രീനിജിൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് സഭയിൽ സംസാരിക്കുന്നത്. ഞാൻ എൽ.എൽ.എം.ചെയ്തത് ലണ്ടനിലാണ്. അവിടെ പഠനത്തോടൊപ്പംതന്നെ തൊഴിലും ചെയ്യാറുണ്ട്. നമ്മുടെ

പഠനച്ചെലവിനുവേണ്ടിയാണ് തൊഴിലെടുക്കുന്നത്. എന്നാൽ ഞാൻ പഠനം കഴിഞ്ഞ് തിരിച്ച് നാട്ടിലെത്തിയപ്പോൾ എനിക്ക് വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിനുള്ള അവസരം ലഭിച്ചു. വിദേശത്തേയ്ക്ക് പോകുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നാണ് ഞാൻ പറയുന്നത്. നല്ല തൊഴിലവസരങ്ങൾ കുട്ടികൾക്ക് ലഭിക്കണമെങ്കിൽ, എസ്.സി./എസ്.ടി. വകുപ്പ് 168 കുട്ടികൾക്കാണ് വിദേശത്തുപോയി പഠിക്കുന്നതിന് അവസരം നൽകിയത്. അതുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ അങ്ങനെ കണക്കാക്കേണ്ടതില്ല. ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ ആവശ്യമാണെങ്കിൽ ഗവൺമെന്റ് അക്കാര്യത്തിൽ തീർച്ചയായും ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ആർ. ബിന്ദു: സർ, ഗവൺമെന്റിന്റെ നിലപാടിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അരികുവൽകൃത വിഭാഗങ്ങളിൽനിന്ന്, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകിക്കൊണ്ടാണ് വിദേശപഠനത്തിന് അവരെ പറഞ്ഞയയ്ക്കാൻ

സർക്കാർ തയ്യാറാകുന്നത്. വിദ്യാർഥികൾ വിദേശ രാജ്യങ്ങളിൽ പോകുകയും exposure ഉണ്ടാകുകയും അവരത് കേരളത്തിന് നൽകുകയും ചെയ്യട്ടെ. Brain drain എന്നതിനുപകരം Brain Gain എന്നത് സാധിക്കുകയെന്നതിനാണ് സർക്കാർ ലക്ഷ്യംവച്ചിട്ടുള്ളത്. അതിനുവേണ്ടിയാണ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. .............

മി. സ്പീക്കർ: ഡിസ്പോസ് ചെയ്യണ്ടേ ...... ചെയറിന്റെ അനുവാദമില്ലാതെ മൈക്ക് ആർക്കും ലഭിക്കില്ല......യെസ്......

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ചത്. നിലവിൽ കേരളത്തിലെ കുട്ടികൾ മറ്റുരാജ്യങ്ങളിലേയ്ക്ക് പഠിക്കുന്നതിനായി പോകുന്നതല്ല, പഠിച്ചിട്ട് തിരിച്ചുവരുന്ന കാര്യമാണ് ശ്രീ. പി. വി. ശ്രീനിജിൻ പറഞ്ഞത്. എന്നാലവർ അവിടെ ജീവിക്കുന്നതിനും സ്ഥിരതാമസക്കാരാകുന്നതിനും വേണ്ടിയാണ് പോകുന്നത്. ഇതിനെ വളരെ ഗൗരവത്തോടെ കാണണം. അല്ലെങ്കിൽ ഭാവിയിൽ ചെറുപ്പക്കാരില്ലാത്ത ഒരു നാടായി കേരളം മാറുമെന്നതാണ് യഥാർഥ വസ്തുത.

<u>മി. സ്പീക്കർ</u>: യെസ്..... മിനിസ്റ്റർ ടി വിഷയം ചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കുന്നതിനുള്ള തീരുമാനം എടുക്കുന്നുണ്ടോ;

<u>ഡോ. ആർ. ബിന്ദു</u>: സർ, ടി വിഷയം ചർച്ച ചെയ്യേണ്ടതില്ല. ഈ വിഷയം പല ചോദ്യങ്ങൾക്കും സബ്മിഷനുകൾക്കും മറുപടിയായി സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. വിദ്യാർത്ഥികൾ വിദേശത്തേയ്ക്ക് പോകുകയെന്നത് ഗ്ലോബലൈസേഷന്റെ കാലത്ത് തടഞ്ഞുനിർത്താൻ സാധിക്കുന്ന കാര്യമല്ല, തടഞ്ഞുനിർത്തേണ്ടതുമില്ല. അവരുടെ സാധ്യത നമുക്ക് പരമാവധി ഇവിടെ പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മാത്യു കുഴൽനാടൻ, പതിമൂന്ന് ലക്ഷത്തിൽപ്പരം വിദ്യാർത്ഥികൾ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്നുണ്ട്. അവർക്ക് ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും ഗുണമേന്മയും ഉറപ്പാക്കിക്കൊണ്ട് കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഇന്റർനാഷണൽ ഹബ്ബാക്കി തീർക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്കകത്തും പുറത്തും പ്രഖ്യാപിച്ചിട്ടുള്ളത്. അത് നടപ്പാക്കുന്ന ശ്രമത്തിലാണ് സർക്കാർ. അതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമല്ലെന്നും ആ അനിവാര്യത

അതിനില്ലെന്നും കണ്ടുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ലെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ്, ചൊറിച്ചിലിനെ സംബന്ധിച്ച് വൈക്കം മുഹമ്മദ് ബഷീറിനെ ക്വാട്ട് ചെയ്ത് പറഞ്ഞു. പ്രധാനപ്പെട്ട ഈ വിഷയം സഭയിൽ അവതരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ, ചൊറിഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാൻ തുടങ്ങിയത്. അതായത്, ലോകകേരള സഭ പ്രതിപക്ഷം ബഹിഷ്കരിച്ചുവെന്നും ലോകകേരള സഭയിൽവച്ചൊരു ഡോക്യുമെന്റുമായി വന്നിരിക്കുന്നുവെന്നുമാണ് ഇവിടെ പറഞ്ഞത്. സർക്കാരിന്റെ സ്ഥാപനമായ

നോർക്ക റൂട്ട്സ് ഏൽപ്പിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാഷ്യൽ ആൻഡ് ടാക്സേഷൻ തയ്യാറാക്കിയ ഒരു ഡോക്യുമെന്റാണിത്. ആ ഡോക്യുമെന്റിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയം സഭയിൽ ചർച്ചയ്ക്ക് കൊണ്ടുവരുമ്പോൾ ഞങ്ങളെ പ്രശംസിക്കേണ്ടതല്ലേ; ഗവൺമെന്റ് തയ്യാറാക്കിയ ഡോക്യുമെന്റാണിത്. ഈ വിഷയം.........

ഡോ. ആർ. ബിന്ദു: സർ, ......... (മൈക്ക് ഓഫ്)..........

ശ്രീ. വി. ഡി. സതീശൻ): സർ, നിങ്ങൾ ഇത്രയും സമയം സംസാരിച്ചല്ലോ....സംസാരിക്കുന്നതിനെ ബഹുമാനപ്പെട്ട മന്ത്രിമാർ എന്തിനാണ് തടസ്സപ്പെടുത്തുന്നത്......ഞാൻ ഇന്നലെ പറഞ്ഞതുകൊണ്ടാണ്. അങ്ങേയ്ക്ക് വഴങ്ങണമെങ്കിൽ വഴങ്ങാം......ഞാൻ പ്രസംഗം തുടങ്ങിയതേയുള്ളൂ. കേരള മൈഗ്രേഷൻ സർവെയുമായി ബന്ധപ്പെട്ട ഒരു വിഷയംകൊണ്ടുവരുമ്പോൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യുമെന്നാണ് ഞാൻ വിചാരിച്ചത്. വളരെ ഗൗരവത്തോടുകൂടിയ ഒരു വിഷയം സംസാരിക്കുന്നതിനുള്ള ഡ്രാഫ്റ്റ് ഡോക്യുമെന്റായിട്ടാണ് ഞങ്ങൾ മൈഗ്രേഷൻ സർവെ കൊണ്ടുവന്നത്. മൈഗ്രേഷൻ സർവേയിലുള്ള സ്റ്റാറ്റിറ്റിക്സ് ശരിയല്ലെന്നാണ് ഞങ്ങൾ

വിശ്വസിക്കുന്നത്. കണക്കുകൾ അതിനേക്കാൾ ഭീകരമാണ്. വിദേശ രാജ്യങ്ങളിൽ പഠിക്കാൻ പോകുന്നത് ഇന്ന് വലിയ ട്രെൻഡായി മാറിയിരിക്കുന്നുവെന്ന് ജനപ്രതിനിധികളായ നമുക്കറിയാം. പണ്ട് തിരുവനന്തപുരം മുതൽ കാസർഗോഡുവരെ യാത്ര ചെയ്താൽ സ്വർണ്ണക്കടയുടെയും ടെക്സ്റ്റൈൽസിന്റെയും പരസ്യപ്പലകകളായിരുന്നു കാണാൻ സാധിക്കുന്നത്. എന്നാലിപ്പോൾ ജർമ്മൻ പഠിക്കൂ നമുക്ക് ജർമ്മനിയിലേയ്ക്ക് പോകാം. ന്യൂസിലൻഡിലേയ്ക്ക് വരൂ, ആസ്ട്രേലിയയിൽ പോകാം, കാനഡയിൽ വരാം എന്നിങ്ങനെ സംസ്ഥാനം മുഴുവനും, റോഡിന്റെ ഇരുവശത്തും കുട്ടികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ഏജൻസികൾ പരസ്യ ബോർഡുകൾ സ്ഥാപിച്ചിരിക്കുകയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ലണ്ടനിൽ പോയി കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലും പഠിച്ചതുപോലെയാണോ ഇന്ന്; കേരളത്തിലെ ഈ ട്രെൻഡിനെ/ സാമൂഹിക പ്രശ്നത്തെ എത്ര ലാഘവത്തോടുകൂടിയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി കൈകാര്യം ചെയ്തത്. ഇത് ഗൗരവമുള്ള ഒരു വിഷയമല്ലേ; സംസ്ഥാനത്തുനിന്നും ആളുകൾ ഗൾഫ് രാജ്യങ്ങളിലേയ്ക്ക്

പോയിരുന്നു. ഗൾഫിലേയ്ക്ക് വലിയൊരു മൈഗ്രേഷൻ കേരളത്തിൽനിന്നും നടന്നിരുന്നു. അന്ന് ഞങ്ങളാരെങ്കിലും ഇതുപോലെ ഉത്കണ്ഠ പറഞ്ഞിരുന്നോ; ഗൾഫിലേയ്ക്ക് ആളുകൾ പോകുന്നത് ജോലിക്കുവേണ്ടിയാണ്. അതിലാരും ഉത്കണ്ഠപ്പെടേണ്ടതില്ല. അവിടെനിന്നും remittance വരുകയും വർഷങ്ങൾ കഴിയുമ്പോൾ അവർ തിരിച്ചുവരുകയും പണം കേരളത്തിലെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യും. അതിനാൽ ആ പണം കേരളത്തിൽതന്നെയുണ്ടാകും. അവർ കേരളത്തിലേയ്ക്ക് തിരിച്ചുവന്നതിനുശേഷം മിനിമം ഒരു ബേക്കറിയെങ്കിലും തുടങ്ങും. ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള മൈഗ്രേഷൻ കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായിരുന്നു. എന്നാൽ വിദേശങ്ങളിലേയ്ക്ക് പഠിക്കാൻ പോകുന്നതിനെ അങ്ങനെയാണോ കാണുന്നത്; ഇത് ഒരു ട്രെൻഡായി തെറ്റിദ്ധരിക്കപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകേട്ടാൽ കുട്ടികൾ വിദേശത്തുപോയി പഠിക്കുന്നതിന് കേരളത്തിലെ പ്രതിപക്ഷം എതിരാണെന്ന് തോന്നും. നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് അവർക്ക് അവസരം ലഭിച്ചാൽ അവർ പോയി പഠിക്കുകയും ഉന്നത വിദ്യാഭ്യാസം നേടുകയും ചെയ്യുന്നത് നല്ലതാണ്. അതിനൊന്നും ഞങ്ങൾ

എതിരല്ല. അതാണോ ഇപ്പോൾ കാണുന്നതെന്ന് നിങ്ങൾ നെഞ്ചിൽ കൈവച്ച് ചോദിക്കൂ. വീട് മുഴുവൻ പണയപ്പെടുത്തി മുപ്പത്തിയഞ്ചും നാൽപ്പത്തിയഞ്ചും ലക്ഷം രൂപ വാങ്ങിച്ച് ഏത് സ്ഥാപനത്തിലാണ് പോകുന്നതെന്ന് അവർക്കറിയില്ല. ഞാൻ എന്റെ മുമ്പിൽ വരുന്ന കുട്ടികളോട് ഇക്കാര്യം ചോദിക്കാറുണ്ട്. കാനഡയിൽ, യൂണിവേഴ്സിറ്റിയിൽ പോയി പഠിച്ചാൽ നല്ലതാണ്. കേരളത്തിലെ ഏറ്റവും നിലവാരം കുറഞ്ഞ സ്ഥാപനത്തേക്കാൾ നിലവാരം കുറഞ്ഞ സ്ഥാപനത്തിലേയ്ക്കാണ് കുട്ടികളിൽ പലരും പഠിക്കുന്നതിനായി പോകുന്നതെന്ന് നിങ്ങൾക്ക് അറിയാമോ; അവിടെപ്പോയി പഠിച്ചിട്ട് ഒരു ജോലിയും ലഭിക്കാതെ വരുമ്പോൾ കേളത്തിൽനിന്നും അവിടത്തെ മലയാളി അസോസിയേഷനിൽ വിളിച്ച് ശിപാർശ ചെയ്യണമെന്ന് മാതാപിതാക്കൾ പറയും. മുപ്പത്തിയഞ്ചും നാൽപ്പത്തിയഞ്ചും ലക്ഷം രൂപയ്ക്ക് വീടുകൾ പണയപ്പെടുത്തിക്കൊണ്ടാണ് കേരളത്തിൽനിന്നും പോകുന്നത്. കേരളത്തിൽനിന്നും  ഒരു വർഷം 2,000, 3,000 കോടി രൂപ സൈഫോൺ ചെയ്ത് പോകുകയാണ്. അത് അടുത്ത വർഷമാകുമ്പോൾ 5000 കോടി രൂപയാകും. പണ്ട് നമുക്ക് ഒരു പ്രശ്നമുണ്ടായി,  100 കോടി രൂപയുടെ ഒരു

വികസനപ്രവർത്തനം കൊച്ചി സിറ്റിയിൽ വന്നാൽ (ഒരു കെട്ടിടം വന്നാൽ) നമുക്ക് സമാധാനമുണ്ടായിരുന്നു. അതിന്റെ ലേബർ ചാർജിനത്തിൽ 50 കോടി രൂപ കൊച്ചിയിലും അതിന്റെ പരിസരപ്രദേശത്തുമുള്ള കെട്ടിടനിർമ്മാണ തൊഴിലാളികളുടെ വീടുകളിലേയ്ക്ക് പോകും. അത്തരത്തിലിപ്പോൾ പോകുന്നുണ്ടോ; നിലവിൽ ആ 50 കോടി രൂപയുടെ പത്ത് ശതമാനം കേരളത്തിന് ലഭിക്കും. ബംഗാളിലേയ്ക്കും ഒറീസ്സയിലേയ്ക്കും പണത്തിന്റെ 90 ശതമാനമാണ് സൈഫോൺ ചെയ്ത് പോകുന്നത്. കേരളത്തിൽ ഒരു സർക്കുലാർ ഇക്കോണമിയുണ്ട്, അത് പോകുകയാണ്. ഇതിന്റെ സോഷ്യൽ ഇംപാക്റ്റ് എന്താണ്? ഇന്ന് വളരെ പ്രധാനപ്പെട്ട ദിവസമാണ്, ലോക ജനസംഖ്യാ ദിനമായ ജൂലൈ 11 ആണ്. ഇന്ത്യ ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമായി മാറിയിരിക്കുകയാണ്, 1.44 ബില്ല്യൺ. ലോകത്താകെ 8.1 ബില്ല്യൺ പോപ്പുലേഷനുള്ള സമയത്ത് ഇന്ത്യയിലെ പോപ്പുലേഷൻ നമ്പർ വണ്ണാണ്. പോപ്പുലേഷനെക്കുറിച്ച് ചെറുപ്പത്തിൽ പഠിച്ചത്, അയ്യോ! ഫാമിലി പ്ലാനിംഗ് വേണം കൺട്രോൾ ചെയ്യണം... ഇന്ന് ലോകം ചർച്ച ചെയ്യുന്നത്, ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യങ്ങൾക്ക്

ഡെമോഗ്രാഫിക്ക് ഡിവിഡന്റുണ്ടെന്നാണ്. കാരണം അവരുടെ യുവതലമുറ, അവരെയാണ് വർക്കിംഗ് ഏജ് പോപ്പുലേഷനെന്ന് പറയുന്നത്. അതായത് ഡിപ്പൻഡന്റ് പോപ്പുലേഷനേക്കാൾ കൂടുതൽ വർക്കിംഗ് ഏജ് പോപ്പുലേഷൻ; ആശ്രിതരായ ആളുകളെക്കാൾ കൂടുതൽ വർക്കിംഗ് ഏജുള്ള ഒരു പോപ്പുലേഷനുള്ളതാണ് ഒരു രാജ്യത്തിന്റെ മഹത്വം. അതാണ് ഡെമോഗ്രാഫിക് ഡിവിഡൻഡ്. ഒരു നിയന്ത്രണവുമില്ലാത്ത ഈ മൈഗ്രേഷൻ, cream ആയിട്ടുള്ള കുട്ടികളെ വല്ലാതെ നഷ്ടപ്പെടുകയും ഡെമോഗ്രാഫിക് ഡിവഡൻഡ് നമ്മളെ ഇല്ലാതാക്കുകയും ചെയ്യുമെന്നുള്ള യാഥാർഥ്യം നമ്മളറിയണം. അതുപോലെ നോൺ ജി.സി.സി. രാജ്യങ്ങളിലേക്കാണ് ഏറ്റവും കൂടുതൽ കുട്ടികൾ ഇപ്പോൾ പോകുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ; ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോയാൽ അവർ തിരിച്ചുവരും. നമുക്ക് ധാരാളം സഹായമുണ്ടായിരുന്നു. റെമിറ്റൻസുണ്ടായിരുന്നു. ഇത് റെമിറ്റൻസുണ്ടാക്കുമോ; നിങ്ങൾ നോക്കൂ. അതിന്റെ സോഷ്യോ ഇക്കണോമിക്ക് ഇംപാക്റ്റിനെക്കുറിച്ചാണ് ഡോ. മാത്യു കുഴൽനാടൻ ഇവിടെ സൂചിപ്പിച്ചത്. എന്താണ് ഇക്കണോമിക് ഇംപാക്റ്റ്; ഈ തുക അങ്ങോട്ട് പോകുന്നതേയുള്ളൂ.

അവിടുന്ന് ഇങ്ങോട്ട് വരുന്നില്ല. അവിടെപ്പോയി ഒരു ജോലിയായാൽ അവർ സാധാരണ അവിടെ സെറ്റിൽഡാകും. ഒരു വീട് വാങ്ങിക്കഴിഞ്ഞാൽ പിന്നെ ലൈഫ് ലോംഗ് ഡെബ്റ്റാണ്. അവർ അവിടെ സെറ്റിൽ ചെയ്യുകയാണ്. കാരണം നമ്മളേക്കാളും നല്ല വെൽഫെയർ മെഷേഴ്സും പെൻഷനും സംവിധാനങ്ങളുമുണ്ട്. തിരിച്ചുവരുന്നില്ല. തിരിച്ച് ഇവർ മാതാപിതാക്കളെ കൊണ്ടുപോകുകയാണ്. സത്യൻ അന്തിക്കാടിന്റെ 'മനസ്സിനക്കരെ' എന്ന സിനിമയിൽ ഷീലയുടെ കഥാപാത്രം ചോദിക്കുന്നുണ്ട്, നിനക്ക് വലിയ സന്തോഷമായല്ലോ; നിന്നെ മക്കൾ കൊണ്ടുപോകുമല്ലോയെന്ന്. അപ്പോൾ ആ അമ്മ (കെ.പി.എ.സി. ലളിത എന്ന കഥാപാത്രം); എന്നോട് ഇഷ്ടമുണ്ടായിട്ട് കൊണ്ടുപോകുന്നതല്ല, അവിടെ മക്കളെ നോക്കാൻ ആരുമില്ല. മക്കളെ നോക്കാൻ ആളെ വയ്ക്കണമെങ്കിൽ വലിയ ശമ്പളം കൊടുക്കേണ്ടിവരും. അതുകൊണ്ടാണ് എന്നെ കൊണ്ടുപോകുന്നതെന്ന് ആ കഥാപാത്രം പറയുന്നുണ്ട്. ഞാൻ കോളേജിൽ പഠിക്കുമ്പോൾ എൻ. മോഹനന്റെ 'ഒറ്റ മകൻ' എന്ന മനോഹരമായ കഥയുണ്ടായിരുന്നു. കുട്ടികളൊന്നും വിദേശത്തുപോയോ അമേരിക്കയിലോ യൂറോപ്പിലോ പോയി പഠിച്ച് സെറ്റിലാവുന്നതല്ല ഇഷ്യൂ, ഇവർ

എങ്ങോട്ടാണ് പോകുന്നത്; ഏത് രീതിയിലാണ് പോകുന്നത്; എന്തുകൊണ്ട് ഇങ്ങനെ വല്ലാത്ത രീതിയിലുള്ള മൈഗ്രേഷനുണ്ടാകുന്നു; ഒരു ഏജൻസി മാത്രം ഏഴായിരം പേരെയാണ് കഴിഞ്ഞ വർഷം വിട്ടത്. എവിടേക്കാണ് അവർ പോകുന്നത്; നമ്മുടെ കുട്ടികളല്ലേ പോകുന്നത്; വല്ല സ്ഥാപനത്തിലും പോയിട്ടാണോ പഠിക്കുന്നത്; അവിടെ അവർ സെറ്റിൽഡാകുന്നുണ്ടോ; ഇപ്പോൾ പറഞ്ഞല്ലോ കെയർ ഹോംസിന്റെ കാര്യം, മിക്കവാറും കുട്ടികൾക്ക് കെയർ ഹോംസിലാണ് ജോലി. കെയർ ഹോംസിലെ ജോലി മോശമാണെന്നൊന്നുമല്ല ഞാൻ പറയുന്നത്. ജോലിയെക്കുറിച്ച് അങ്ങനെയുള്ള മോശം ധാരണയൊന്നുമില്ല. പക്ഷേ വീട്ടുകാർ ധരിക്കുന്നതുപോലെ അങ്ങോട്ടുപോയാൽ അവിടെ സർവസുഖമാണെന്നുള്ള തെറ്റിദ്ധാരണ കേരളത്തിലുണ്ടാകുന്നു. ഇവിടെനിന്നും രക്ഷപ്പെടണമെന്നുള്ള അതിതീവ്രമായ ആഗ്രഹം ഉണ്ടാകുന്നു. അതിന് പല കാരണങ്ങളുണ്ട്. തൊഴിലില്ലായ്മ നിരക്കിൽ ഇന്ന് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. Periodic Labour Force Survey-യുടെ ഇപ്പോഴത്തെ റിപ്പോർട്ടാണിത്. തൊഴിലില്ലായ്മ നിരക്ക് കേരളത്തിൽ 31.8 ശതമാനവും ദേശീയ ശരാശരി 17 ശതമാനവുമാണ്.

സ്വാതന്ത്ര്യത്തിനുശേഷമുള്ള ദേശീയ ശരാശരിയേക്കാളും ഇരട്ടിയുടെ അടുത്തുവരുന്ന തൊഴിലില്ലായ്മാ നിരക്ക് കേരളത്തിലുണ്ടെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. അതുപോലെ ബഹുമാനപ്പെട്ട മന്ത്രി ചില യൂണിവേഴ്സിറ്റികളെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ അതിൽ തർക്കിക്കാനൊന്നും പോകുന്നില്ല. കാരണം ഞങ്ങൾ ഈ വിഷയം കൊണ്ടുവന്നത് സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താനോ, സർക്കാരിനെതിരായി ആക്ഷേപം ചൊരിയാനോ ഒന്നുമല്ല. രണ്ടുമൂന്ന് യൂണിവേഴ്സിറ്റികളുടെ  കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി, എ പ്ലസ് എന്നുപറഞ്ഞാൽ തീരുന്നതാണോ പ്രശ്നം; കേരളത്തിലെ പത്ത് സർവകലാശാലകളിൽ വൈസ് ചാൻസിലർമാരില്ല. അവിടെ ഇൻചാർജ് ഭരണമാണ്. എത്ര സർക്കാർ കോളേജുകളിലാണ് പ്രിൻസിപ്പൽമാരില്ലാതിരുന്നത്; ഞങ്ങൾ പഠിക്കുമ്പോൾ ഫിസിക്സിനും കെമിസ്ട്രിക്കും ബി.എസ്.സി.-ക്കും അഡ്മിഷൻ ലഭിക്കണമെങ്കിൽ 90 ശതമാനം മാർക്കുവേണം. എന്നാലും നല്ല കോളേജുകളിൽ അഡ്മിഷൻ ലഭിക്കാൻ പ്രയാസമാണ്. നിങ്ങൾക്ക് കേരളത്തിലെ പ്രധാനപ്പെട്ട കോളേജുകളിൽ ബി.എസ്.സി. ഫിസിക്സിലെയും കെമിസ്ട്രിയിലെയും സീറ്റുകൾ

ഒഴിഞ്ഞുകിടക്കുകയാണ്. പ്രധാനപ്പെട്ട പോസ്റ്റ് ഗ്രാഡ്യുവേഷൻ കോഴ്സുകൾ (എം.എസ്.സി.) പല കോളേജുകളും നിർത്തുകയാണ്. കേരളത്തിൽ ഓരോ വർഷവും എഞ്ചിനീയറിംഗ് കോളേജുകൾ പൂട്ടിക്കൊണ്ടിരിക്കുകയാണ്.

ഡോ. ആർ. ബിന്ദു: അങ്ങ് വഴങ്ങുമോ?

മി. സ്പീക്കർ: മന്ത്രിക്ക് വഴങ്ങുന്നുണ്ടോ...

ശ്രീ. വി. ഡി. സതീശൻ: വഴങ്ങാം.

ഡോ. ആർ. ബിന്ദു: അംഗീകാരമില്ലാത്ത ധാരാളം സ്വാശ്രയകോളേജുകൾ മുൻ ഭരണാധികാരികളുടെ കാലഘട്ടങ്ങളിൽ അനുവദിച്ചതിന്റെ ഭാഗമായിട്ടാണ് ചിലത് പൂട്ടിപ്പോകേണ്ടതായിവരുന്നത്. സർവൈവൽ ഓഫ് ദി ഫിറ്റ്ടെസ്റ്റ് വരുമ്പോൾ മോശപ്പെട്ട പഠന സാഹചര്യങ്ങൾ നിലനിൽക്കുന്ന സ്ഥാപനങ്ങൾ പൂട്ടിപ്പോകേണ്ടിവരും.

ശ്രീ. വി. ഡി. സതീശൻ: ഞാൻ വീണ്ടും വൈക്കം മുഹമ്മദ് ബഷീറിനെ ക്വാട്ട് ചെയ്യുന്നില്ല. കഴിഞ്ഞ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയതുകൊണ്ടാണ് ഇപ്പോഴത് പൂട്ടിപ്പോകുന്നതെന്ന് സൂചിപ്പിച്ചു. എങ്ങനെയാണ്;

മി. സ്പീക്കർ: മന്ത്രിക്ക് വഴങ്ങുന്നുണ്ടോ...

ശ്രീ. വി. ഡി. സതീശൻ: വഴങ്ങാം.

ഡോ. ആർ. ബിന്ദു: വി.സി. നിയമനത്തിന്റെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചല്ലോ? ഈ സഭ ഒരു ബില്ല് പാസ്സാക്കി നൽകി ഒരു വർഷത്തിലേറെക്കാലം അടവച്ച് ഫ്രീസ് ചെയ്ത് സുപ്രീംകോടതിയിൽ പോയപ്പോൾ പ്രസിഡന്റിന് അയച്ചുകൊടുത്തത് ആരാണെന്നതിനെക്കുറിച്ച് ഞാനിവിടെ പറയേണ്ടതില്ലല്ലോ; ഇങ്ങനെയൊരു അനിശ്ചിതാവസ്ഥ ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായതല്ല.

ശ്രീ. വി. ഡി. സതീശൻ: നിങ്ങളും ഗവർണറും തമ്മിലുള്ള തർക്കത്തിൽ കേരളത്തിലെ സർവകലാശാലകളും വിദ്യാർഥികളുമാണ് ബലിയാടായിപ്പോകുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ഇല്ല. അങ്ങ് ഇരിക്ക്. ഞാൻ വഴങ്ങിയില്ലല്ലോ?

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: ഇല്ല. ഞാൻ രണ്ടുപ്രാവശ്യം മന്ത്രിക്ക് വഴങ്ങി. അതിനുമുമ്പുതന്നെ ധനകാര്യ വകുപ്പുമന്ത്രി എഴുന്നേറ്റുനിന്ന് സംസാരിച്ച് തുടങ്ങുകയാണ്. ഇങ്ങനെയാണോ ചെയ്യേണ്ടത്; അങ്ങ് എഴുന്നേറ്റാൽ ഞാൻ വഴങ്ങാം. അങ്ങ് സംസാരിച്ചു തുടങ്ങുക. കഴിഞ്ഞ ദിവസം മുഴുവൻ സംഭവിച്ചത് ഇതാണ്. അങ്ങ് ഇന്നലെ പറഞ്ഞില്ലേ; ഇപ്പോൾ അങ്ങ് കാണുന്നില്ലേ;

<u>മി. സ്പീക്കർ</u>: മന്ത്രിക്ക് വഴങ്ങുന്നുണ്ടോ...

<u>ശ്രീ. വി. ഡി. സതീശൻ</u>: വഴങ്ങാം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: പത്ത് വി.സി.-മാരുടെ നിയമന കാര്യത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു, ഈ സഭയുടെയും കേരളത്തിന്റെയും പ്രധാനപ്പെട്ട ഭാഗമാണ് പ്രതിപക്ഷനേതാവ്. നിയമസഭ പാസ്സാക്കിയ ഒരു ബില്ല് ഗവർണറുടെ അടുത്തേക്ക് അയച്ചു. പത്ത് വി.സി.-മാരെ നിയമിക്കുന്നതിന് തടസ്സമുണ്ടായത് ഈ സർക്കാർ കാരണമാണോ; അത് കേരളത്തിലെ പൊതുപ്രശ്നമല്ലേ; അങ്ങയും അങ്ങയുടെ മുന്നണിയും ഇപ്പുറത്തിരുന്നാലും ഞങ്ങൾ അപ്പുറത്തിരുന്നാലും നിങ്ങളും അപ്പുറത്തോട്ട് മാറിയാലുമൊക്കെ കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ വൈസ്

ചാൻസിലർമാരടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് ഒരു കാര്യം സൂചിപ്പിക്കുമ്പോൾ അങ്ങ് കാഷ്വലായ റഫറൻസല്ല പറയേണ്ടത്. ഇത്തരത്തിലുള്ള കേസുകൾ ബംഗാൾ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ സുപ്രീംകോടതികളിൽ നടക്കുന്നുണ്ട്. അത്തരമൊരു കാര്യം അങ്ങ് സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ എഴുന്നേറ്റത്. അല്ലാതെ ആവശ്യമില്ലാതെ തടസ്സമുണ്ടാക്കുന്ന രീതിയിലല്ല എഴുന്നേറ്റത്. അക്കാര്യം അങ്ങ് ഗൗരവത്തോടെ സൂചിപ്പിക്കേണ്ടതായിരുന്നു.

ശ്രീ. വി. ഡി. സതീശൻ: അങ്ങയുടെ അഭിപ്രായവും സർക്കാരിന്റെ അഭിപ്രായവുമല്ല ഞങ്ങൾക്കുള്ളത്. നേരത്തെ വൈസ് ചാൻസിലർമാരുടെ നിയമനം നടന്നപ്പോൾ നിയമവിരുദ്ധമായ രീതിയിലാണ് നിങ്ങളും ഗവർണറും ഒരുമിച്ചുചേർന്ന് ഈ അനധികൃത നിയമനം നടത്തിയത്. ഞങ്ങൾ അന്ന് അതിനെ ചോദ്യം ചെയ്ത ആളുകളാണ്. ഇവർ എന്തിനാണ് ബഹളം വയ്ക്കുന്നത്?

മി. സ്പീക്കർ: അദ്ദേഹം പറയട്ടേ....അദ്ദേഹം മന്ത്രിക്ക് വഴങ്ങിയതല്ലേ? പ്ലീസ്....പ്ലീസ്... അദ്ദേഹം പറയട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഞങ്ങൾ അന്ന് രണ്ടുപേരെ എതിർത്തു. കാരണം, പ്രോ-ചാൻസിലർ എന്ന നിലയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി വൈസ് ചാൻസിലറുടെ നിയമന കാര്യത്തിൽ ഇടപെടാൻ പാടില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി അവിടെ ഇടപെട്ടു. അവർ രണ്ട് കത്തുകൾ എഴുതി, അവ നമ്മുടെ സർവകലാശാലകളുടെ സ്വയംഭരണാധികാരത്തെ ചോദ്യം ചെയ്യുന്ന കത്തുകളാണ്. സുപ്രീം കോടതി വിധിയെന്താണ്? അനാവശ്യമായ ഇടപെടലുകളാണ് പ്രോചാൻസിലറുടെ നേതൃത്വത്തിൽ നടന്നത്. ഇവരും ഗവർണറും അന്ന് ഒരുമിച്ചായിരുന്നു. ഒരുമിച്ചായിരുന്നിട്ട് ..... (ബഹളം).....I am not yielding ഞാനൊരു പോയിന്റ് കംപ്ലീറ്റ് ചെയ്യട്ടെ.... പ്ലീസ്... നിങ്ങൾക്കെന്താണ് ഇത്ര അസ്വസ്ഥത?

<u>മി. സ്പീക്കർ</u>: യെസ്... യെസ്...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവരും ഗവർണറും തമ്മിൽ അന്ന് ധാരണയിലായിരുന്നു. യു.ജി.സി. നോംസ് പൂർണമായും ലംഘിച്ച് വൈസ് ചാൻസിലർമാരുടെ നിയമനം നടത്തി. കോടതി ഇടപെട്ടിട്ടല്ലേ ഈ വൈസ് ചാൻസിലർമാരെ..... എല്ലാവരോടും.... അവരെല്ലാവരും മോശക്കാരായ

ആളുകളല്ലല്ലോ; യോഗ്യതയുള്ള എത്രപേർ അതിനകത്തുണ്ടായിരുന്നു? അക്കാഡമീഷ്യൻസുണ്ട്. നമുക്കറിയാവുന്ന എല്ലാവരുമൊന്നുമല്ല, കുറച്ചുപേരുണ്ടല്ലോ; അവർപോലും രാജിവച്ച് ഇറങ്ങിപ്പോയതെന്താണ്? നിയമം ലംഘിച്ച് നിങ്ങളും ഗവർണറുംകൂടി കൂട്ടുകൂടി, ഒരുമിച്ചുനിന്നുകൊണ്ട് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകളെ പിൻവാതിലിൽക്കൂടി കൊണ്ടുവരാൻ നടത്തിയ ശ്രമമാണ്. അതാണ് ഇന്ന് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗം പരിതാപകരമായി നിൽക്കുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാരണം. പല കോഴ്സുകളിലും ആളുകളില്ല. നമ്മൾ ആലോചിക്കണ്ടേ? നമ്മുടെ കരിക്കുലം ഫ്രെയിം, പുതിയപുതിയ കാര്യങ്ങൾ, കോഴ്സുകൾ; ലോകത്ത് മാറ്റമുണ്ടാകുകയാണ്. ലോകത്തിന്റെ പുതിയ സർവകലാശാലകൾ.... ഞങ്ങളിവിടെ വിദേശ സർവകലാശാലകൾ കൊണ്ടുവരാൻ ആലോചിച്ചപ്പോൾ എന്തൊരു ഓപ്പർച്യൂണിറ്റിയായിരുന്നു. നിങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിലറായിരുന്ന ശ്രീ. ടി. പി. ശ്രീനിവാസന്റെ കരുണകുറ്റിക്കല്ലേ അടിച്ചത്? അടിച്ച വ്യക്തിയുടെ അപ്പൂപ്പനാകാൻ പ്രായമുള്ള ആളാണ്. അമേരിക്കൻ അംബാസിഡറായിരുന്ന

ശ്രീ. ടി. പി. ശ്രീനിവാസൻ റോഡിൽ വീണുപോയ കാഴ്ച നിങ്ങൾക്ക് ഓർമ്മയുണ്ടോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ചെയ്യൂ... സമയം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവരെല്ലാം ഇടപെട്ടതാണ്. Let me complete my point.

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, വിദേശ സർവകലാശാലകൾ കേരളത്തിലേക്ക് കൊണ്ടുവരാൻ ഞങ്ങളൊരു തീരുമാനമെടുത്തപ്പോഴാണ് നിങ്ങൾ ഈ കുട്ടികളെക്കൊണ്ട് ഇത് ചെയ്യിച്ചത്. എന്നിട്ടിപ്പോൾ എന്താണ് നിങ്ങളുടെ പോളിസി? നിങ്ങളിപ്പോൾ വിദേശ സർവകലാശാല കൊണ്ടുവരാൻ പോകുകയാണ്, നല്ല കാര്യം. ഇതൊക്കെ നിങ്ങൾ ചെയ്തതാണ്. അതെല്ലാം ചെയ്തിരുന്നു. നേരത്തെ വിദേശ സർവകലാശാലകൾ കേരളത്തിൽ വന്നിരുന്നു. ഇവിടെ പഠിക്കാൻ വരുന്ന കുട്ടികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിലെ സൗകര്യങ്ങളുണ്ടായിരുന്നെങ്കിൽ ഈ മൈഗ്രേഷൻ നമുക്ക് നിയന്ത്രിക്കാമായിരുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സർ, ഒന്ന് വഴങ്ങാമോ?.... (മൈക്ക് ഓഫ്)

മി. സ്പീക്കർ: യെസ്... യെസ്... അങ്ങ് പറയൂ. മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് പിന്നെ പറയാം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ പറഞ്ഞതിനുശേഷം പറയാമല്ലോ. ഞങ്ങൾ ഈ വിഷയം കൊണ്ടുവന്നത്, ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, ഇത് സാധാരണഗതിയിൽ കുട്ടികൾ പഠിക്കാൻ പോകുന്നൊരു ട്രെൻഡ് അല്ല. ഇതേക്കുറിച്ചൊക്കെ നമുക്കും നിങ്ങൾക്കും എല്ലാവർക്കുമറിയാം. ഇത് കേരളത്തിന് വലിയ സാമൂഹിക-സാമ്പത്തിക പ്രത്യാഘാതമുണ്ടാക്കുന്ന, കേരളത്തിന് ഒരുകൂട്ടം ജനങ്ങളെ നഷ്ടപ്പെടുന്ന, കേരളം വയോജനങ്ങളുടെ സ്ഥലമായി മാറാൻ സാദ്ധ്യതയുള്ള അപകടകരമായ ഒരു ട്രെൻഡാണ്. കുട്ടികൾ പോകേണ്ട എന്നൊന്നുമല്ല പറഞ്ഞുവരുന്നത്. ഇക്കാര്യം ഗൗരവത്തോടുകൂടി പഠനവിധേയമാക്കിയാൽ എന്താണ് സംഭവിക്കുന്നത്? കുട്ടികൾ കബളിപ്പിക്കപ്പെടുന്നുണ്ടോ; അവർക്ക് അപകടം സംഭവിക്കുന്നുണ്ടോ; നല്ല

യൂണിവേഴ്സിറ്റിയിലാണോ പഠിക്കുന്നത്; നല്ല കോഴ്സിനാണോ ചേരുന്നത്? ഇതെല്ലാം അന്വേഷിക്കാൻ; ഇതിനുള്ളൊരു സിസ്റ്റം, ഒരു മെക്കാനിസം നമ്മുടെ സംസ്ഥാനത്തുണ്ടാക്കാതെ കേരളത്തിലെ യൂണിവേഴ്സിറ്റികൾ ഗംഭീരമാണ് അതുകൊണ്ടാണ് ഇവിടത്തെ കുട്ടികൾ 17 വയസ്സിൽ മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നുവെന്നാണ് പറയുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ഗൗരവത്തോടുകൂടി പ്രതികരിക്കുമെന്നും എല്ലാവർക്കുംകൂടിച്ചേർന്ന് ഇതിന്റെ സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾ പഠിക്കാമെന്ന് പറയുമെന്നുമാണ് ഞങ്ങൾ കരുതിയത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇത്രയും നെഗറ്റീവും നിഷേധാത്മകവുമായ മനോഭാവത്തോടെ; എല്ലാവരെയും പുച്ഛിച്ച് തള്ളുന്ന, ആരും ഇങ്ങനെയൊരു അഭിപ്രായം കൊണ്ടുവരാൻ പാടില്ലെന്ന് പറയുന്ന ബഹുമാന്യയായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിഷേധാത്മകമായ സമീപനം, നിങ്ങൾ ഇത് ചരിത്രത്തിൽ അടയാളപ്പെടുത്താൻ പോകുകയാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഡോ. മാത്യു കുഴൽനാടൻ കൊണ്ടുവന്ന നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്റെ സ്പിരിറ്റ് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഒട്ടും ഉൾക്കൊണ്ടിട്ടില്ലെന്ന് പറയേണ്ടിവന്നതിൽ വളരെ നിരാശയുണ്ട്. കാരണം, എല്ലാവരും അംഗീകരിക്കുന്ന നിലവിലെ സാമൂഹികപ്രശ്നം, നമ്മൾ എല്ലാവരുംകൂടി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തേണ്ട ഒരു സാമൂഹിക പ്രശ്നം, അതിന്റെ കാരണം എന്താണെന്ന് അനലൈസ് ചെയ്യണമെന്ന് പറഞ്ഞാൽ അതിനുള്ള മറുപടി ടെക്നോപാർക്ക് ഞങ്ങളുടെ കാലത്താണ്..... ആ ടെക്നോപാർക്ക് നിർമ്മിച്ച് ഉദ്ഘാടനം ചെയ്തപ്പോൾ കേരളത്തിലെ ഐ.ടി. വകുപ്പുമന്ത്രി ഞാനായിരുന്നുവെന്നൊരു വിവരമെങ്കിലും മന്ത്രിക്ക് വേണ്ടേ? ഈ വിഷയത്തെ അങ്ങനെ ഗൗരവത്തിൽ കാണേണ്ടതില്ലെന്നാണ് പറയുന്നത്. എല്ലാത്തിലും രാഷ്ട്രീയം കലർന്നതാണ് ഇവിടത്തെ പ്രശ്നം. അതാണ് കുട്ടികൾ പോകുന്നത്. സർവകലാശാലകളിലെ സ്റ്റാൻഡേർഡ് കുറവ്, ഉന്നതവിദ്യാഭ്യാസത്തിലെ സ്റ്റാൻഡേർഡ് കുറവ്, അവസരങ്ങൾ ഇല്ലാതാക്കുന്നു, കാമ്പസുകളിൽ മുഴുവൻ ഓവർ പൊളിറ്റിക്സ് വന്നത്, വിദ്യാഭ്യാസ നിലവാരമില്ല ഇവയെല്ലാം വലിയ

പ്രശ്നമായിരിക്കുന്നു. ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചതുപോലെ ഒരു ഡിഗ്രി കരസ്ഥമാക്കി പുറത്തിറങ്ങിയാൽ വളരെ തുച്ഛമായ ശമ്പളത്തിന് എവിടെയെങ്കിലുമൊരു ജോലി കിട്ടിയാലായി. വിദേശത്ത് പോകുന്ന കുട്ടികൾക്ക് പഠിക്കുമ്പോൾത്തന്നെ അവിടെ പഠനത്തോടൊപ്പം ജോലിയും ചെയ്യാം. അവിടെ ഏത് ജോലി ചെയ്താലും മാന്യതയുള്ള ജോലിയാണ്. അതൊക്കെ വളരെ മോശപ്പെട്ട ഏർപ്പാടാണെന്ന് പറയേണ്ട കാര്യമില്ല. അവിടെ ഹോട്ടലുകളിൽ ജോലി ചെയ്യുമ്പോൾ മണിക്കൂറിനാണ് ശമ്പളം നൽകുന്നത്. ഓസ്ട്രേലിയയിലും, യൂറോപ്പിലും, അമേരിക്കയിലും, കാനഡയിലുമെല്ലാം മണിക്കൂറിനാണ് ശമ്പളം കൊടുക്കുന്നത്. ഒരു നിശ്ചിത മണിക്കൂർ ജോലി ചെയ്തുകഴിഞ്ഞാൽ പഠിക്കാനുള്ള തുക അവർക്ക് ലഭിക്കും. കബളിപ്പിക്കുന്ന സ്ഥാപനങ്ങളും ഉണ്ടാകും. നല്ല സ്ഥാപനത്തിലാണെങ്കിൽ, കുട്ടിക്ക് മെറിറ്റുണ്ടെങ്കിൽ - ഓപ്പർച്യൂണിറ്റി ഗ്യാരന്റീഡാണ്. ഇത് കൊടുക്കാൻ നമുക്ക് കഴിയുമോ? അതിനായി നമ്മൾ ശ്രമിക്കണം. അതിനുവേണ്ടി പ്രവർത്തിക്കണം. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ശരിയ്ക്കുള്ള സ്പിരിറ്റ് അതാണ്. അതിനെയും രാഷ്ട്രീയമായി മാത്രംകണ്ട് ഇവിടെ

സംസാരിച്ചാൽ, നമ്മൾ ഒരിക്കലും നന്നാവില്ലെന്നല്ലേ അതിനർത്ഥം? ഈ സമീപനമല്ല സ്വീകരിക്കേണ്ടത്. ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നിധാനമായിട്ടുള്ള വിഷയം ഒരു സാമൂഹികപ്രശ്നവും യാഥാർത്ഥ്യവുമാണ്. കുട്ടികൾ പോകുകയാണ്, പോകുന്നവരെ കുറ്റംപറയാനാകില്ല. ശ്രീ. പി. വി. ശ്രീനിജിൻ ഇവിടെ പറഞ്ഞതുപോലെ പോകുന്നത് തെറ്റല്ല. അത് തെറ്റാണെന്ന് ആരും പറയുന്നില്ല. പോകുന്നവർ പോകും. നല്ല അവസരങ്ങളും നല്ല യൂണിവേഴ്സിറ്റികളും നോക്കിപ്പോകും. കുറച്ചധികം കഴിയുമ്പോൾ അവർ അവിടെ ഹോട്ടലിലോ അല്ലെങ്കിൽ വയോജനങ്ങളെ നോക്കാനോ... അത് അവിടത്തെ ഒരു പ്രോബ്ലമാണ്. അതിന് നല്ല സാലറി കിട്ടും, എന്താണ് അക്കാര്യത്തിൽ മോശം? ഒരു ജോലിയേയും അവിടെ ആരും മോശമായി കാണുന്നില്ല. അങ്ങനെയൊരു സാമൂഹിക അന്തരീക്ഷം നിലനിൽക്കുന്നതുകൊണ്ടാണ് ഇവിടെ ആളുകൾ ജോലി ചെയ്യാത്തത്. അത് വേറെ പ്രശ്നമാണ്. അതുകൊണ്ട് കേരളം ഇന്ന് അനുഭവിക്കുന്ന ഗൗരവമുള്ളൊരു പ്രശ്നത്തെ.... ഇന്ത്യൻ സ്റ്റേറ്റുകളെ അപേക്ഷിച്ച് കൂടുതൽ മൈഗ്രേഷൻ നടക്കുന്നത് കേരളത്തിലാണ്. ഇതൊന്നും മറച്ചുവയ്ക്കാൻ കഴിയുന്ന കാര്യമല്ല.

ഞങ്ങളുടെ കാലത്തങ്ങനെ, നിങ്ങളുടെ കാലത്തിങ്ങനെ എന്നുപറഞ്ഞ് അതിനെ കേവലം രാഷ്ട്രീയമായി മാത്രം കണ്ട് മറുപടി പറഞ്ഞ് ആരോഗ്യകരമായ രീതിയിൽ ഒരു അപ്രോച്ചുപോലും എടുക്കാത്ത ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. അനൂപ് ജേക്കബ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഞങ്ങൾ പറഞ്ഞ വിവിധ കാര്യങ്ങൾ...., ഇവിടത്തെ കുട്ടികൾ മറ്റ് രാജ്യങ്ങളിൽ, ഇവിടെയുള്ളതിനേക്കാൾ നിലവാരം കുറഞ്ഞ ഇൻസ്റ്റിറ്റ്യൂഷനുകളിൽ പോയി ചേരുന്നുവെന്നത് സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ അദ്ദേഹത്തിന്റെ ചോദ്യോത്തരവേളയിൽ മറുപടിയായി ഇവിടെ പറയുകയുണ്ടായി. അത് വളരെ വസ്തുതാപരമായ കാര്യമാണ്. കുട്ടികൾ ഇവിടെനിന്നും മാറാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്നത്

സംബന്ധിച്ച് സർക്കാർ മൈൻഡ് അപ്ലൈ ചെയ്ത് അതിലേയ്ക്ക് കടക്കണമെന്നാണ് ഞങ്ങൾ സൂചിപ്പിക്കുന്നത്. ഇതൊരു വലിയ സാമൂഹികപ്രശ്നമായി മാറുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഒരു പ്രദേശത്തെ പത്ത് വീടെടുത്താൽ ഏറ്റവും കുറഞ്ഞത് അതിലെ ആറ് അല്ലെങ്കിൽ ഏഴ് വീടുകളിലെ കുട്ടികൾ പുറത്തേയ്ക്ക് പോയിരിക്കും. അവർ ഏത് നിലയിലും വിദേശത്ത് പോകാനുള്ള ആഗ്രഹത്തിലേയ്ക്ക് ഇന്ന് മാറുന്നു. അവർ ആഗ്രഹിക്കുന്ന തലത്തിലേയ്ക്ക് ഉയർന്നുവരാൻ കഴിയാത്തതെന്തുകൊണ്ടാണ്; എന്താണ് അവർ ആഗ്രഹിക്കുന്നത്? ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. റിക്രൂട്ടിംഗ് ഏജൻസികളുടെ ഇടയിൽ വലിയ തട്ടിപ്പ് നടക്കുന്നുണ്ട്. കാരണം, എണ്ണത്തിൽ പെരുകുമ്പോൾ സർക്കാരിന്റെ നിയന്ത്രണം അക്കാര്യത്തിൽ വരുന്നില്ല. അതുകൊണ്ട് അങ്ങനെയും കബളിപ്പിക്കപ്പെടുന്ന കുട്ടികളും കുടുംബങ്ങളും ഇന്ന് കേരളത്തിൽ വർദ്ധിച്ചുവരുന്നുവെന്നതും സർക്കാർ കാണേണ്ടൊരു വിഷയമാണ്. ഇവിടെ നമുക്ക് ഒരു ക്രീമിലെയർ നഷ്ടപ്പെടുന്നുവെന്നു. എന്തായാലും ഇന്ന് മുമ്പോട്ടുവച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ആ ഒരു സ്പിരിറ്റിൽ ബഹുമാനപ്പെട്ട മന്ത്രി എടുത്തില്ലെന്നുള്ളത് വളരെ

പ്രതിഷേധാർഹമായിപ്പോയൊരു വിഷയമാണ്. ഇങ്ങനെയൊരു മറുപടി ആയിരുന്നില്ല മന്ത്രിയിൽനിന്ന് ഞങ്ങൾ പ്രതീക്ഷിച്ചത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി).

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സാന്നിദ്ധ്യത്തിൽ പറയണമെന്നാണ് ആഗ്രഹിച്ചത്. അദ്ദേഹം ഇപ്പോൾ സഭയിലില്ല. ആരോഗ്യകരമായ ജനാധിപത്യത്തിൽ സംവാദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അങ്ങ് ഇന്നലെ സഭയിൽ പറയുകയുണ്ടായി. ആ സംവാദം സാദ്ധ്യമാകുന്ന തരത്തിൽ പരസ്പരം വഴങ്ങുന്നത് ആരോഗ്യകരമായിരിക്കുമെന്ന വളരെ ശരിയായ നിരീക്ഷണമാണ് അങ്ങ് നടത്തിയത്. ഈ സഭയിൽ പലപ്പോഴും കാണുന്നതെന്താണ്; പ്രതിപക്ഷനേതാവ് സാധാരണഗതിയിൽ സഭയിൽ ആർക്കും വഴങ്ങാറില്ല. അത്തരമൊരു സന്ദർഭം വരികയും മാത്രമല്ല, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ

വിമർശനങ്ങൾ വന്നാൽ ഞങ്ങൾക്ക് ആക്ഷേപമില്ല; വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ പറയുമ്പോൾ ആ സമയത്തുതന്നെ ഇടപെട്ട് ക്ലാരിഫൈ ചെയ്യേണ്ട ധാരാളം സന്ദർഭങ്ങളുണ്ടാകാറുണ്ട്. അപ്പോഴാണ് മന്ത്രിമാർ എഴുന്നേൽക്കാറുള്ളത്. അത്തരം ഘട്ടങ്ങളിലൊന്നും പ്രതിപക്ഷനേതാവ് വഴങ്ങില്ലെന്ന് മാത്രമല്ല, ഒരുതരം സമ്മർദ്ദ തന്ത്രം സഭയിൽ പ്രയോഗിക്കുകയാണ്. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഇടപെടാൻ പാടില്ലെന്ന മട്ടിലുള്ള സമ്മർദ്ദ തന്ത്രം ചെയറിനുനേരെ പ്രയോഗിക്കുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. ആ ഘട്ടങ്ങളിലെല്ലാം അത് ചൂണ്ടിക്കാണിക്കുകയും ചെയ്യേണ്ടിവന്നിട്ടുണ്ട്. പ്രതിപക്ഷനേതാവിനോട് അങ്ങേയറ്റത്തെ ആദരവാണ് ഞങ്ങൾക്കെല്ലാവർക്കുമുള്ളത്. ആ ആദരവ് ദുരുപയോഗിക്കുന്ന തരത്തിൽ അദ്ദേഹം പലപ്പോഴും പെരുമാറുന്നുവെന്നത് ഖേദത്തോടുകൂടി പറയേണ്ടിവരികയാണ്. എനിക്ക് അദ്ദേഹത്തോട് അനാദരവുണ്ടായതുകൊണ്ടോ എന്തെങ്കിലും പ്രയാസമുണ്ടായതുകൊണ്ടോ അല്ല പറയുന്നത്. പ്രതിപക്ഷ ഉപനേതാവ് ഞങ്ങളെ ശക്തമായി വിമർശിക്കാറുണ്ട്. പക്ഷേ, ഇങ്ങനെയൊരുകാര്യം അദ്ദേഹത്തെക്കുറിച്ച് പറയേണ്ടി വന്നിട്ടില്ല.

ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് ഇന്ന് ആരാണ് സഭയിൽ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്യുന്നത്; ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ആരോഗ്യവകുപ്പ് മന്ത്രിയോടും നിരന്തരമായി അത്തരമൊരു സമീപനം സ്വീകരിക്കുന്നത് ആരാണ്; അങ്ങ് ഇന്നലെ പറഞ്ഞതാണ് ഈ അവസരത്തിൽ എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ജനാധിപത്യപരവും ആരോഗ്യകരവുമായ സംവാദത്തിന്റെ അന്തരീക്ഷം സഭയിലുണ്ടാക്കാൻ ഭരണപക്ഷത്തെപ്പോലെ പ്രതിപക്ഷത്തിനും പ്രതിപക്ഷനേതാവിനും പ്രധാനപ്പെട്ട ഉത്തരവാദിത്വമുണ്ട്. പരിഹാസം, പുച്ഛം, ദാർഷ്ട്യം എന്നിവയൊക്കെ അദ്ദേഹവും ഒന്ന് സ്വയം വിലയിരുത്തുന്നതും തിരുത്തുന്നതും നല്ലതാണ്. തിരുത്തുന്നത് എല്ലാവർക്കും ഗുണകരമാണല്ലോ; അതിന് അദ്ദേഹവും തയ്യാറാകേണ്ടതുണ്ട്. ഇക്കാര്യം അദ്ദേഹത്തിന്റെ അഭാവത്തിൽ പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. അദ്ദേഹം സഭയിൽ ഇരിക്കുമ്പോൾ പറയണമെന്നാണ് ആഗ്രഹിച്ചത്.

<u>മി. സ്പീക്കർ</u>: ചെയർ ആഗ്രഹിക്കുന്നത് വളരെ ഹെൽത്തി ഡിബേറ്റ്സും വളരെ പീസ്ഫുൾ അറ്റ്മോസ്ഫിയറുമാണ്. പക്ഷേ, നിർഭാഗ്യവശാൽ പലപ്പോഴും ഈ സഭയ്ക്കകത്ത് അത്തരം രീതിയുണ്ടാകാറില്ല. പരസ്പരം give and take ആണ്

അങ്ങോട്ടുമിങ്ങോട്ടും വേണ്ടത്. ചില ഘട്ടങ്ങളിൽ അതുണ്ടാകാറില്ല. അത് ഭാവിയിലെങ്കിലും തിരുത്തി നമ്മുടെ സഭയുടെ അന്തസ്സ് ഉയർത്തത്തക്ക നിലയിൽ രണ്ട് പക്ഷവും പെരുമാറണമെന്ന് ഒരിക്കൽക്കൂടി ചെയർ പറയാൻ ആഗ്രഹിക്കുകയാണ്.

ഡോ. ആർ. ബിന്ദു: സർ, .........(മൈക്ക് ഓഫ്)

മി. സ്പീക്കർ: അക്കാര്യങ്ങൾ പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഇങ്ങനെ എല്ലാ ആളുകളും സംസാരിക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രിക്കുവേണ്ടിയാണ് അദ്ദേഹം പറഞ്ഞത്.

ഡോ. ആർ. ബിന്ദു: സർ, എനിക്ക് നേരെ വിരൽ ചൂണ്ടുകയും ഞാൻ വളരെ ധിക്കാരിയാണെന്നുള്ള പ്രസ്താവനയും നടത്തി. ഞാൻ അതിൽ പ്രതിക്ഷേധിക്കുന്നു.

മി. സ്പീക്കർ: ഇന്ന് 43 സബ്മിഷനുകളാണുള്ളത്. എല്ലാവരും സമയക്ലിപ്തത പാലിക്കണം.